period of the Speaker may for sufficient cause allowed forward his comments and writing thereon to the Speaker''. ബഹുമാനപ്പെട്ട സ്പീക്കറാണ് ഇതിൽ പരമാധികാരി. അപ്പോഴും സ്പീക്കർക്ക്. ഈ കാര്യത്തെ സംബന്ധിച്ച് തീരുമാനമെടുക്കാം. അവരെ സഭാനടപടികളിൽ പങ്കെടുപ്പിക്കാൻ പാടില്ലെന്ന് റൂൾസ് അനുസരിച്ച് ഞാൻ അഭ്യർത്ഥിച്ചിരുന്നു. അത് എന്തുകൊണ്ടാണ് വ്യക്തമാക്കാത്തതെന്ന് മനസ്സിലായില്ല. തീർച്ചയായിട്ടും ആ കാര്യം ഒന്ന് വ്യക്തമാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നം ചെയർ പരിശോധിച്ചു വരുകയാണ്. ഇതിന്റെ ഭരണഘടനാവ്യവസ്ഥയും കൂറുമാറ്റ നിരോധനചട്ടങ്ങളും അനുസരിച്ച് പല നടപടികളും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ഒരംഗത്തെ ഡിസ്ക്വാളിഫൈ ചെയ്യണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ടും ഇതിൽ അന്തിമമായ തീരുമാനം സ്പീക്കറുടേത് മാത്രമായതുകൊണ്ടും, എടുക്കുന്ന തീരുമാനങ്ങൾ അങ്ങേയറ്റം അവധാനതയോടെ എല്ലാ വശങ്ങളെയും സമഗ്രമായി പരിശോധിച്ചു വേണം എന്നുള്ളതുകൊണ്ടും ആ രീതിയിൽ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. യഥാസമയം അതുസംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതായിരിക്കും.

നിയമനിർമ്മാണ കാര്യം—(തുടർച്ച)

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, തൊഴിലാളികളുടെ പൊതുവായ ക്ഷേമനടപടികൾക്കുവേണ്ടിയുള്ള ഒരു നിയമമാണിത്. അവരുടെ പൊതുവായ Games and sports, Vocational Training, Community necessities, Entertainment and other forms of recreation, Convalescent homes, Holiday homes, Part-time employment, Pre-school Higher Education ഇങ്ങനെയുള്ള വിവിധ വിഷയങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഒരു ബോർഡുണ്ടാക്കുന്നതിനുവേണ്ടിയാണിത്. ഇതനുസരിച്ച് ഹയർ എഡ്യുക്കേഷന് സഹായം ചെയ്യുന്നുണ്ട്. ആരെങ്കിലും മരിച്ചാൽ അവരുടെ ആശ്രിതർക്ക് ഈ ബോർഡിൽനിന്ന് സഹായം നൽകുന്നുണ്ട്. വിദ്യാഭ്യാസങ്ങിന്റെ എല്ലാ മേഖലയിലും സഹായം കൊടുക്കുന്നുണ്ട്. ഐ. ടി. ഐ. തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായം കൊടുക്കുന്നുണ്ട്. പേക്കടി മുതലായ സ്ഥലത്ത് ഹോളിഡേ ഹോംസ് കെട്ടി തൊഴിലാളികൾക്ക് അവിടെ ടൂർ പോകുന്നതിനും, വിനോദത്തിനും വിശ്രമത്തിനുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങളുമെല്ലാം ചെയ്തുകൊടുക്കുന്നുണ്ട്. ഇതിന്റെ സാമ്പത്തിക സ്ഥിതി അത്ര ഒരു ആശ്വാസകരമല്ല. ആറുമാസത്തേയ്ക്ക് ഒരു തൊഴിലാളിയിൽനിന്ന് 50 പൈസയും ഒരു എംപ്ലോയർ ഒരു രൂപയും കൊടുക്കണമെന്നുള്ള വ്യവസ്ഥയാണ് ഉള്ളത്. അതുകൊണ്ട് സാമ്പത്തിക സ്ഥിതി വളരെ പരിമിതമാണ്. അത് ഇരട്ടിപ്പിക്കണം. ആറുമാസത്തേയ്ക്ക് ഒരു തൊഴിലാളിയിൽനിന്ന് 50 പൈസ എന്നുള്ളത് ഒരു രൂപയായും അതിന്റെ എംപ്ലോയറിൽനിന്ന് ഒരു രൂപയെന്നുള്ളത് രണ്ടു രൂപയായും വർദ്ധിപ്പിക്കുകയെന്നുള്ളതാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്ന ഒരു കാര്യം. അതുപോലെതന്നെ ഇതിന്റെ കവറേജിൽ വരുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം 2500 രൂപവരെ ശമ്പളമുള്ള തൊളിലാളികളെ ഇതിന്റെ കവറേജിൽ കൊണ്ടുവരുകയെന്നുള്ളതാണ്. അതുപോലെതന്നെ ഇതിന്റെ കവറേജിൽ വരാൻ 150 ദിവസത്തെ വർക്കിംഗ് വേണമെന്നായിരുന്നു. ഇത് 30 ദിവസമെന്ന് കുറച്ചുകൊണ്ട് കൂടുതൽ തൊഴിലാളികളെ കവറേജിൽ കൊണ്ടുവരാനും അവർക്ക് കൂടുതൽ ആനുകൂല്യം നൽകുന്നതിനും, അങ്ങനെ ആനുകൂല്യങ്ങൾ നൽകുന്നതിന് അവൈലബിളായിട്ടുള്ള റിസോഴ്സസ് കണ്ടുപിടിക്കുന്നതിനും, സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും, അങ്ങനെ തൊഴിലാളികളുടെ സർവ്വതോൻമുഖമായ പുരോഗതിയെ ലാക്കാക്കി കൊണ്ടുവന്നിട്ടുള്ള ചില അമെൻമെന്റുകളാണ് ബില്ലിലുള്ളത്. ആതാണ് ഇതിന്റെ ലക്ഷ്യം.

Shri. M. K. Kesavan: Sir, I move that the Kerala Labour Welfare Fund (Amendment) Bill, 1986 as reported by the Subject Committee be circulated for obtaining public opinion.

സർ, ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് തൊഴിലാളികളുടെ നാനാതരത്തിലുള്ള ക്ഷേമത്തെ മുൻനിറുത്തിക്കൊണ്ട്, കൂടുതൽ തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ അത്യാവശ്യം ചില ഭേദഗതികൾ വരുത്തിക്കൊണ്ട് ഈ നിയമം ഈ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നുവെന്നാണ്. ഇത്തരം ഒരു നിയമത്തെക്കുറിച്ച് കൂടുതൽ അലോചിക്കുകയും, ഈ നിയമത്തിനകത്തുള്ള പോരായ്മകളും ഈ നിയമത്തിൽ അത്യാവശ്യം ചേർക്കേണ്ട കാര്യങ്ങളും ചേർത്തുകൊണ്ട് ഒരു പൂർണ്ണമായ നിയമമായി ഇതിനെ മാറ്റേണ്ടതുമാണ്. ഈ നിയമം കൂടുതൽ ആളുകൾക്ക് മനസ്സിലാകത്തക്കവിധത്തിൽ വീണ്ടും ഇത് തിരിച്ച് പൊതുജനാഭിപ്രായത്തിന് അയയ്ക്കണമെന്ന ഭേദഗതിയാണ് ഞാൻ നിർദ്ദേശിക്കുന്നത്. നമ്മുടെ നാട്ടിൽ നിയമങ്ങൾ ഇല്ലാത്തതുകൊണ്ടല്ല. നിലവിലുള്ള നിയമം നടപ്പിലാക്കുന്നതിൽ ഗവൺമെന്റ് കാണിക്കുന്ന അലസതയും പക്ഷപാതപരമായ നയവുമാണ് ഈ രാജ്യത്തെ തൊഴിലാളികൾക്കും അതുപോലുള്ള ആളുകൾക്കും അതിന്റെ പ്രയോജനം ലഭിക്കാതെ വന്നിട്ടുള്ളതിനു കാരണം. സർക്കാർ പാസ്സാക്കിയിട്ടുള്ള ഏതു നിയമമെടുത്തു പരിശോധിച്ചാലും ശരി ആർക്കുവേണ്ടി ആ നിയമം പാസ്സാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവർക്ക് കിട്ടുന്നതിനേക്കാൾ കൂടുതൽ പ്രയോജനം മറുഭാഗത്ത് കിട്ടാനും യഥാർത്ഥത്തിൽ ഈ ഗുണം കിട്ടേണ്ട ആളുകൾക്ക് ലഭിക്കാതിരിക്കാനും വേണ്ടിയുള്ള വ്യവസ്ഥകളാണ് കാണാൻ സാധിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിലെ പരമ്പരാഗത വ്യവസായങ്ങൾ അടക്കമുള്ള വ്യവസായ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുവേണ്ടി നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. ആ നിയമങ്ങൾ പ്രകാരം ഉണ്ടാക്കുന്ന ബോർഡു

LIBRARY ARCHIVES Kerala Legislative Assembly

കളോ കമ്മിറ്റികളോ ഒക്കെ പലപ്പോഴും ഭരണകക്ഷിയുടെ ഇഷ്ടത്തിനൊത്തു തുള്ളുന്ന ചില ആളുകളെക്കൊണ്ട് നിറച്ചിരിക്കുകയാണ്. ഏത് നിയമം നടപ്പിലാക്കാൻ വേണ്ടിയാണോ ബോർഡ് രൂപീകരിക്കുന്നത് അതിന്റെ ബന്ധപ്പെട്ട മന്ത്രിയോ ഗവൺമെന്റോ അവർക്ക് താൽപര്യമുള്ള രാഷ്ട്രീയക്കാരെക്കൊണ്ട് ഈ ബോർഡുകളും കമ്മിറ്റികളുമെല്ലാം കുത്തിനിറച്ച് എന്ത് ഉദ്ദേശത്തോടുകൂടിയാണോ ഈ നിയമം നടപ്പിലാക്കാൻ തയ്യാറായിട്ടുള്ളത് അതിന്റെ പ്രയോജനം ആ ആളുകൾക്ക് ലഭിക്കാത്ത തരത്തിലുള്ള നടപടികളാണ് ഇക്കാലമത്രയും ഈ ഗവൺമെന്റ് തുടർന്നിട്ടുള്ളത്.

സർ, കശുവണ്ടിത്തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധിയെക്കുറിച്ച് ഇവിടെ പറഞ്ഞുകേട്ടിട്ടുണ്ട്; ഒരു കോടി രൂപയോ മറ്റോ അതിനു മാറ്റിവെക്കുന്നു എന്ന്. നമ്മുടെ സംസ്ഥാനത്തിലെ കശുവണ്ടിത്തൊഴിലാളികളെക്കുറിച്ച് ഈ സഭയിൽ ഒട്ടേറെ ചർച്ചകൾ നടത്തിയിട്ടുണ്ട്. വളരെ ദയനീയമായ ജീവിത സാഹചര്യങ്ങളുള്ള ആളുകളാണ് അവർ. വർഷത്തിൽ ചുരുക്കം ദിവസം പണി കിട്ടുന്നവരും പല ഫാക്ടറികളും പൂട്ടിക്കിടന്ന് പണിയില്ലാതെ കഷ്ടപ്പെടുന്നവരുമാണ് അവർ. അവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായമെത്തിക്കാൻവേണ്ടി ഉണ്ടാക്കിയ വ്യവസ്ഥ പോലും നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇവിടെ ബഹുമാന്യനായ തൊഴിൽ വകുപ്പു മന്ത്രി പറഞ്ഞത് തേക്കടിയിൽ പോകുന്ന കാര്യത്തെക്കുറിച്ചാണ്. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചാണ്. അതുപോലെതന്നെ ആ കുട്ടികളുടെ സ്പോർട്ട്സിനോടോ അതുപോലുള്ള കലാപരമായ പ്രവർത്തനങ്ങളോടോ സഹായിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളെക്കുറിച്ചാണ്. അതൊന്നുമില്ലെങ്കിൽപ്പോലും കശുവണ്ടിത്തൊഴിലാളികളുടെ കുട്ടികൾ പട്ടിണികിടക്കാതിരിക്കാൻവേണ്ടി ഈ ധനമൊന്ന് ഉപയോഗിക്കാൻ പറഞ്ഞതരത്തിലുള്ള നടപടി ഗവൺമെന്റു ഭാഗത്തുനിന്നുമുണ്ടാകണം. അവർക്കുവേണ്ടി ഒരുകോടി രൂപ മാറ്റിവെച്ചുവെന്നുപറഞ്ഞിട്ട് നമ്മുടെ സംസ്ഥാനത്ത് എത്ര കശുവണ്ടിത്തൊഴിലാളികൾക്ക് അതിന്റെ പ്രയോജനം ലഭിച്ചുവെന്ന് ഈ രാജ്യത്തിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

ഞാൻ മറ്റൊരു നിയമത്തെക്കുറിച്ച് പറയാം. മോട്ടോർ തൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു നിയമത്തെക്കുറിച്ച് പറഞ്ഞു. മോട്ടോർ തൊഴിലാളികൾക്കുവേണ്ടിയും ഇതുപോലുള്ള ക്ഷേമനിധിയും ഇതുപോലുള്ള വ്യവസ്ഥകളുമെല്ലാം നടപ്പിലാക്കുമെന്നു പറഞ്ഞെങ്കിലും നമ്മുടെ സംസ്ഥാനത്ത് അതിന്റെ പ്രയോജനം കിട്ടിയിട്ടുള്ള എത്ര മോട്ടോർ തൊഴിലാളികളുണ്ട്? ആ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്നത് അലസതയും ഒരർത്ഥത്തിൽ പറഞ്ഞാൽ മോട്ടോർ മുതലാളിമാരെ സഹായിക്കാൻ വേണ്ടിയുള്ള നടപടികളുമൊക്കെയാണ്. ഉണ്ടാക്കിയ നിയമം പോലും നമ്മുടെ രാജ്യത്ത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാതെയാണ് വന്നിട്ടുള്ളത്.

ബീഡിത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു ക്ഷേമനിധിയെക്കുറിച്ച് കഴിഞ്ഞ നിയമ സഭയിലും അതിനു മുമ്പിലത്തെ നിയമ സഭയിലുമൊക്കെ പറഞ്ഞുകേട്ടതാണ്. നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിനു ബീഡിത്തൊഴിലാളികളുണ്ട്. അവർ അവസാനം തീരാരോഗികളായി മാറുകയാണ്. ഇന്ന് അവരിൽ പല ആളുകൾക്കും ജോലിയില്ല. അങ്ങനെ ജോലിയില്ലാത്ത ആളുകളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയും ആ

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്ക് മറ്റെല്ലാ തരത്തിലുള്ള സഹായങ്ങൾക്കുവേണ്ടിയും ഈ നിയമത്തെ ഉപയോഗപ്പെടുത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് നിയമസഭ നിയമം പാസ്സാക്കിയിട്ടുള്ളതെങ്കിലും ആ നിയമത്തിന്റെ യാതൊരു പ്രയോജനവും നമ്മുടെ സംസ്ഥാനത്തിലെ ബീഡിത്തൊഴിലാളികൾക്ക് ലഭിക്കാത്ത ഒരു സ്ഥിതിവിശേഷമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. പല പ്പോഴും ബീഡിത്തൊഴിലാളികൾ ചോദിക്കുന്നത് ഞങ്ങൾക്കുവേണ്ടി പാസ്സാക്കിയിട്ടുള്ള നിയമത്തിൽ വ്യവസ്ഥ പറഞ്ഞിരിക്കുന്ന ആനുകൂല്യം എവിടെ കിട്ടും, എങ്ങനെ കിട്ടും, എപ്പോൾ അപേക്ഷിക്കണം എന്നാണ്. അതേപ്പറ്റി അറിവില്ലാത്ത ബീഡിത്തൊഴിലാളികൾ നമ്മുടെ രാജ്യത്ത് ധാരാളമുണ്ട്. ഈ നിയമം എന്നു മുതൽ നടപ്പിലാക്കിയെന്നും എവിടെ നിന്നാണ് അതിന്റെ പ്രയോജനം ലഭിക്കുന്നതെന്നുമുള്ളതിനെക്കുറിച്ച് ഗവൺമെന്റ് വളരെ വ്യക്തമായ ഒരു നയം സ്വീകരിക്കാത്തതുകൊണ്ട് ബീഡിത്തൊഴിലാളികൾക്ക് അതിന്റെ പ്രയോജനം ലഭിക്കാത്ത സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു.

നമ്മുടെ സംസ്ഥാനത്ത് അഞ്ചര—ആറു ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളികളുണ്ട്. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഇതുപോലെ ഒരു നിയമം, ഒരു ക്ഷേമനിധി ഉണ്ട്. സർ, അതിനു വേണ്ടി കുറേ പണം ബഡ്ജറ്റിൽ മാറ്റിവയ്ക്കുന്നുണ്ടെന്നും വ്യവസ്ഥ പറയുന്നുണ്ട്. ഈ രാജ്യത്ത് അത് ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ? കയർത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഈ ക്ഷേമനിധിയിൽ നിന്ന് സഹായം നൽകുമെന്നു പറഞ്ഞുകൊണ്ട് മാറ്റിവെച്ച തുക നമ്മുടെ സംസ്ഥാനത്തെ കയർത്തൊഴിലാളികളുടെ കുട്ടികൾക്ക് കിട്ടിയിട്ടില്ല. കഴിഞ്ഞ ദിവസങ്ങളിലൊക്കെ ഈ സഹായധനം എവിടെ നിന്ന് ലഭിക്കുമെന്നറിയാൻ വേണ്ടി കയർത്തൊഴിലാളികൾ പരക്കം പാഞ്ഞു നടക്കുകയാണ്. അപേക്ഷ കൊടുക്കേണ്ട സ്ഥലത്ത് അപേക്ഷ കൊടുത്തിട്ട് അവസാനം അവർക്കറിയാൻ കഴിയുന്നത് അലോട്ട്മെന്റില്ലാത്തതുകൊണ്ട് ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ല എന്നാണ്. ഒരു കൊല്ലം മുമ്പ് അപേക്ഷ കൊടുത്ത ആളുകളുണ്ട്. അവരുടെ കുട്ടികൾക്കു പോലും ഇതിന്റെ യാതൊരുവിധ പ്രയോജനവും ലഭിച്ചിട്ടില്ല. അതുപോലെതന്നെ അപേക്ഷ കൊടുക്കുന്ന കുട്ടികളുടെ രക്ഷാകർത്താക്കൾ കയർത്തൊഴിലാളികളായിട്ടുള്ള ആളുകളാണെന്ന് കയർ സഹകരണസംഘങ്ങളിലോ, അവർ പണിയെടുക്കുന്ന ഫാക്ടറിയിലോ, സ്ഥാപനങ്ങളിലോ നിന്ന്.....

ശ്രീ. എ. വി. താമരാക്ഷൻ: സർ, 1981-ൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് കയർത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം കൊടുക്കാനും അവർക്ക് മരുന്ന് വാങ്ങിക്കാനും വാർദ്ധക്യകാല ആനുകൂല്യം കൊടുക്കാനും വേണ്ടി ഒരു കോടി രൂപ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചു. എന്നാൽ അതിനു ശേഷം ഈ ഗവൺമെന്റ് വന്നിട്ട് അഞ്ചു വർഷമായിട്ടും രണ്ടു ലക്ഷത്തി പത്തൊമ്പതിനായിരം രൂപ മാത്രമാണ് അഞ്ചു ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് കൊടുത്തതെന്നുള്ള വിവരം അങ്ങേക്ക് അറിയാമോ? ഇത്രയേറെ തൊഴിലാളികളെ വഞ്ചിച്ച, അപമാനിച്ച ഒരു ഗവൺമെന്റ് കേരളത്തിലുണ്ടായിട്ടുണ്ടോ?

ശ്രീ. എം. കെ. കേശവൻ: സർ, അത് കയർത്തൊഴിലാളികളോടു മാത്രമല്ല, നമ്മുടെ സംസ്ഥാനത്തെ എല്ലാ തൊഴിലാളികളോടും അവരുടെ കുട്ടികളോടും ഏറെ മോഹന വാഗ്ദാനങ്ങൾ പറഞ്ഞ് അവരെ വഞ്ചിച്ചിട്ടുള്ള ഒരു ഗവൺമെന്റാണിത്. അതുകൊണ്ട് കയർത്തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലാളികളുടെ മാത്രമായി ചുരുക്കേണ്ട കാര്യമില്ല. ക്ഷേമനിധി ഏർപ്പെടുത്തുമെന്നു പറഞ്ഞ ഏതു വിഭാഗത്തെ വേണമെങ്കിലും എടുത്തുനോക്കൂ? ഞാൻ വേണമെങ്കിൽ ഒരു ഉദാഹരണം പറയാം. ആർട്ടിസാൻസ് എന്നു പറയുന്ന വിഭാഗം. ആർട്ടിസാൻസ് എന്നു പറയുന്ന വിഭാഗത്തിനും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും വേണ്ടി ഉണ്ടാക്കിയ നിയമം നമ്മുടെ രാജ്യത്ത് വെറും അന്തരീക്ഷത്തിൽ നടക്കുന്ന ഒരു നിയമമാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഭരണം നടത്തിയ കാലത്ത് നീക്കിവെച്ച തുക അതിനുശേഷം വന്ന ഗവൺമെൻറ്, കരുണാകരൻറെ ഗവൺമെൻറ് രണ്ടു ലക്ഷത്തി പത്തൊമ്പതിനായിരം രൂപയാണ് വച്ചതെങ്കിൽ അത്രയെങ്കിലും ബഡ്ജറ്റിൽ വക കാണിച്ചു എന്നല്ലാതെ ഒരു പൈസപോലും ചെലവാക്കാൻ നടപടി സ്വീകരിച്ചുമില്ല, സ്വീകരിക്കാനൊട്ടു പോകുന്നുമില്ല. അതുകൊണ്ട് ഈ ഗവൺമെൻറിൽ നിന്ന് ക്ഷേമനിധിയുടെ പ്രയോജനം നമ്മുടെ നാട്ടിലെ തൊഴിലാളികളുടെ കുട്ടികൾക്ക് ലഭിക്കുമെന്ന പ്രതീക്ഷ ഈ രാജ്യത്ത് അധികമാളുകളും വച്ചു പുലർത്തുന്നില്ല. ഈ ഗവൺമെൻറിനു കയർത്തൊഴിലാളികളുടെ കുട്ടികൾക്ക് ഇതു കൊടുക്കാൻ ബാദ്ധ്യതയില്ലേ? ഉണ്ടെന്നാണു സർ, ഞാൻ വിശ്വസിക്കുന്നത്. ഈ രാജ്യത്തെ കയർത്തൊഴിലാളികൾ നമുക്ക് ധാരാളം വിദേശനാണ്യം സമ്പാദിച്ചുതരുന്ന ആളുകളാണ്. അങ്ങനെയുള്ള ആളുകളുടെ കുട്ടികൾക്ക്, ഈ സംസ്ഥാനത്തുണ്ടാക്കിയ നിയമത്തിൻറെ ആനുകൂല്യം ലഭിക്കാതിരിക്കാൻ ഗവൺമെൻറിനു നടപടി സ്വീകരിക്കാൻ എന്ത് അവകാശമെന്ന് ഞാൻ ചോദിക്കുകയാണ്. അതുകൊണ്ട് കയർത്തൊഴിലാളികളുടെ കുട്ടികൾക്ക് കൊടുക്കേണ്ടതായിട്ടുള്ള ആനുകൂല്യങ്ങൾ ഒരു ന്യായവും പറഞ്ഞ് മാറ്റിവയ്ക്കാതെ, ബഡ്ജറ്റ് അലോട്ട്മെൻറ് ഇല്ലെന്നു പറയാതെ, അല്ലെങ്കിൽ അലോക്കേഷനിൽ വന്ന പിശകാണെന്നു പറയാതെ ഇത് കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുമോയെന്നാണ് ഞാൻ ചോദിക്കുന്നത്.

മറ്റൊരുകാര്യം—കർഷകത്തൊഴിലാളികളുടെ ഒരു ക്ഷേമനിധിയെക്കുറിച്ച് പാഞ്ഞു കേട്ടു. കർഷകത്തൊഴിലാളികൾക്ക് ഇപ്പോൾ ക്ഷേമനിധി എന്തിനാണെന്നായിരിക്കും ഈ ഗവൺമെൻറിൻറെ സമീപനം. കർഷകത്തൊഴിലാളികളുടെ പെൻഷൻറെ കാര്യത്തെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഈ ഗവൺമെൻറ് സമൂഹത്തിലെ താഴേക്കിടയിലുള്ള ആളുകളെയെല്ലാം ഉടലോടെ സ്വർഗ്ഗത്തിലേക്ക് ഒരുമിച്ചയക്കാൻ തീരുമാനിച്ച ഒരു ഗവൺമെൻറാണ്. കർഷകത്തൊഴിലാളികളിൽ പെൻഷൻ കിട്ടിക്കൊണ്ടിരുന്ന ഭൂരിപക്ഷം ആളുകൾക്കും ഇപ്പോൾ പെൻഷൻ കിട്ടുന്നില്ല. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കർഷകത്തൊഴിലാളികൾക്കു വേണ്ടി ഒരു ക്ഷേമനിധിയെക്കുറിച്ച് നമ്മുടെ ബഹുമാന്യനായ മന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതിനുവേണ്ടിയും ഒരു നിയമമുണ്ടാക്കിയിട്ട് ആ നിയമം നടപ്പിലാക്കാൻ ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല, ഞാൻ നേരത്തേ സൂചിപ്പിച്ച കശുവണ്ടിത്തൊഴിലാളികളും മോട്ടോർ തൊഴിലാളികളും ബീഡിത്തൊഴിലാളികളും കൈത്തറിത്തൊഴിലാളികളുമടക്കമുള്ള പരമ്പരാഗത വ്യവസായ മേഖലകളിലും മറ്റു രംഗങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും അതുപോലുള്ള സഹായങ്ങളും നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് അമ്പേ പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ വിഭാഗങ്ങൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഒരു നിയമമുണ്ടാകണമെങ്കിൽ ഈ ബിൽ പൊതുജനാഭിപ്രായമാരായുന്നതിനുവേണ്ടി തിരിച്ചയക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടതെങ്കിലും യഥാർത്ഥത്തിൽ ശ്രീ. കേശവൻ പറഞ്ഞതു പോലെ പൊതുജനാഭിപ്രായത്തിനു വിടണമെന്നായിരുന്നു. കാരണം ഈ ബിൽ കേരളത്തിലെ തൊഴിലാളികളുടെ ക്ഷേമം ലാക്കാക്കി ഉണ്ടാക്കിയതാണ്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ വളരെ പരിമിതമായ തോതിൽ മാത്രം തൊഴിലാളികൾക്ക് ആശ്വാസങ്ങളെത്തിക്കാനേ ഈ ബിൽ കൊണ്ടും ഈ ബിൽ പാസ്സായതിനുശേഷമുള്ള നിയമനിർമ്മാണം കൊണ്ടും നമുക്ക് കഴിഞ്ഞിട്ടുള്ളു. കഴിഞ്ഞപ്രാവശ്യത്തെ വ്യവസ്ഥകളനുസരിച്ച് തൊഴിലുടമയിൽനിന്ന് ഒരു രൂപയും തൊഴിലാളിയിൽ നിന്ന് 50 പൈസയും ശേഖരിച്ചുകൊണ്ട് എതാണ്ട് 12 ലക്ഷത്തോളം രൂപയാണ് ഒരുവർഷം ഈ ക്ഷേമനിധിക്കുവേണ്ടി സ്വരൂപിക്കാൻ കഴിഞ്ഞത്. അതുതയും കാശുകൊണ്ട് തൊഴിലാളികളെ മുഴുവൻ ആശ്വസിപ്പിക്കാനും അവർ ആഗ്രഹിക്കുന്നതുപോലെ ക്ഷേമപ്രവർത്തനങ്ങളും നടത്താനും കഴിയുമെന്ന് ആരും വിശ്വസിക്കുന്നില്ല. അതുകൊണ്ടുതന്നെ 1975-ൽ ഇത്തരം ഒരു ബില്ലിന് രൂപകൽപ്പന നൽകിയ കാലത്തുതന്നെ കുറേക്കൂടി സമഗ്രമായ പരിപാടികളുൾക്കൊള്ളിച്ചുകൊണ്ടുള്ള വ്യവസ്ഥകളും ഉള്ള ഒരു ബിൽ വേണമെന്ന മുറവിളി തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടായത്. പക്ഷേ പല കാരണങ്ങളാലും അങ്ങനെ ഒരു ബിൽ ഉണ്ടാക്കാനോ അതിനൊയടിസ്ഥാനത്തിൽ തൊഴിലാളികളെ ആശ്വസിപ്പിക്കാനോ നമ്മുടെ സർക്കാരിന് കഴിഞ്ഞില്ല.

ശ്രീ. എ.വി. താമരാക്ഷൻ: സർ, തൊഴിലാളികളോട് ഇത്രയേറെ സ്നേഹംപറയുന്ന ഈ ഗവൺമെന്റ് ഈ ഫണ്ടിലേക്ക് ഒന്നും കോൺട്രിബ്യൂട്ട് ചെയ്യുന്നില്ലെന്നുള്ള വിവരമറിയാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: ഞാൻ തീർച്ചയായും അതിലോട്ട് വരികയാണ്. എന്റെ നിർദ്ദേശങ്ങളൊക്കെത്തന്നെ അതൊക്കെയാണ്. അതുകൊണ്ട് ശ്രീ. താമരാക്ഷൻ കുറച്ചു ശ്രദ്ധിച്ചു കേട്ടാൽ ഞാൻ പറയുന്നതു മനസ്സിലാകും. സർ, ഇപ്പോൾ ഈ ബില്ലിലെ വ്യവസ്ഥ പ്രകാരം അത് ഇരട്ടിയായി വർദ്ധിപ്പിക്കുക എന്നതാണ് ഗവൺമെന്റിന്റെ നിർദ്ദേശം. ഇരട്ടിയായി വർദ്ധിപ്പിക്കുക എന്ന നിർദ്ദേശത്തിന് ഒരു പ്രതികൂല അഭിപ്രായം പ്രകടിപ്പിക്കാനല്ല ഞാൻ മുതിരുന്നത്. സർ, അങ്ങനെ ഇരട്ടിയായി വർദ്ധിപ്പിച്ചാലും തൊഴിലാളികളുടെ പരിധിയിൽ ഏർപ്പെടുത്തുന്ന നിയന്ത്രണവ്യത്യാസം മൂലവും പരിധി വർദ്ധിപ്പിക്കുന്നതിലുള്ള വ്യത്യാസം മൂലവും ആകെ എനിക്കു തോന്നുന്നത് 24 ലക്ഷം മുതൽ 30 ലക്ഷം വരെ രൂപമാത്രമാണ് ഇനി ഓരോ വർഷവും സംഭരിക്കാൻകഴിയുക. ഓർഡിനൻസ് നിലവിൽ വന്നതിനെത്തുടർന്ന് ആ കാശ് സംഭരിക്കുന്നുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ പരമാവധി നമുക്ക് ലഭിക്കാൻ പോകുന്ന തുക 30 ലക്ഷം രൂപയാണ്. ഈ 30 ലക്ഷം രൂപകൊണ്ട് തൊഴിലാളിക്ഷേമപ്രവർത്തനങ്ങളും നടത്താൻ കഴിയുമെന്ന് ഏതെങ്കിലുമൊരു സർക്കാർ കരുതുന്നുണ്ടെങ്കിൽ അത് മൗഢ്യമാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുകൊണ്ടുതന്നെയാണ് പ്രസക്തമായ ഒരു ചോദ്യത്തിലൂടെ ശ്രീ. താമരാക്ഷൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇത്തരം കാര്യത്തിൽ ഗവൺമെന്റിന്റെ പങ്കാളിത്തം എന്താണ് എന്നതിനെക്കുറിച്ച് നാളിതുവരെ ആയി ഗവൺമെന്റോ ഗവൺമെന്റുമായി ബന്ധപ്പെട്ട രാഷ്ട്രീയ നേതൃത്വമോ ആലോചിച്ചിട്ടില്ല. ഈ വൈകല്യമെന്തുകൊണ്ടു സംഭവിച്ചു എന്നു ചോദിക്കുമ്പോൾ ഒറ്റ ഉത്തരമേ എനിക്ക് കാണാൻ കഴിയുകയുള്ളൂ. ഈ തൊഴിലാളികൾക്കുവേണ്ടി എന്തെങ്കിലും ചെയ്തു എന്നുവരുത്തുന്നതിനുവേണ്ടി എന്തെങ്കിലും ഒരു നിയമം ഉണ്ടാക്കണമെന്നുള്ളതിൽ കവിഞ്ഞ് തൊഴിലാളിക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തേണ്ടതുണ്ടെന്ന് ആത്മാർത്ഥമായ ഒരു ബോധമോ വിശ്വാസമോ ആ രാഷ്ട്രീയനേതൃത്വത്തിനോ ഗവൺമെന്റിനോ ഇല്ലാതെപോയതുകൊണ്ടാണ് ആ വൈകല്യം സംഭവിച്ചിട്ടുള്ളതെന്നാണ് എന്റെ എളിയ നിഗമനം. അതുകൊണ്ട് ഇതു സബ്ജക്ട് കമ്മിറ്റിയ്ക്ക് വീണ്ടും അയച്ചുകൊണ്ട് വീണ്ടും ഇതിൽ സാമ്പത്തികമായി ഗവൺമെന്റിന്റെ പങ്കാളിത്തം എന്താണെന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ. സാമ്പത്തികമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ കൂട്ടിച്ചേർക്കുകയും വേണമെന്നാണ് എനിക്ക് ആദ്യമായി ഈ ബില്ലിനെക്കുറിച്ച് പറയുവാനുള്ളത്. മറ്റൊരുകാര്യം നമ്മുടെ തൊഴിലാളിമേഖലയിൽ പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട തൊഴിൽ സങ്കേതമാണ് ബീഡിത്തൊഴിൽമേഖല. അതേപ്പറ്റിയൊക്കെ ശ്രീ. കേശവൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബീഡി—ഞാൻ ഉദാഹരണത്തിന്. ആരുടെയെങ്കിലും പേരെടുത്തു പറയുകയാണോയെന്ന് ധരിച്ചുകളയരുത്. കണ്ണൂർജില്ലയിൽ ഏറ്റവും കൂടുതൽ തൊഴിലാളികളുള്ളത് ബീഡിത്തൊഴിലാളി മേഖലയിലാണെന്ന് ഗവൺമെന്റിനും പെയറിനും അറിയാം. അതിലൊരു സ്ഥാപനം സാധു ബീഡി എന്നുപറയുന്ന ഒരു സ്ഥാപനമാണ്. ആ സാധു ബീഡിയുടെ ഫാക്ടറിയിൽ ജോലിചെയ്യുന്ന തൊഴിലാളിക്കു മാത്രമേ ഈ ക്ഷേമനിധിയുടെ ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. അവർ ബ്രാഞ്ചുകളിലാണ് ജോലി ചെയ്യുന്നതെന്ന യാഥാർത്ഥ്യം സർക്കാരിനുമറിയാം നാട്ടുകാർക്കുമറിയാം. ബ്രാഞ്ചുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളി ഈ തൊഴിൽ—ഫാക്ടറി നിയമത്തിന്റെ അടിസ്ഥാനത്തിൽ വരുന്ന തൊഴിലാളികളുടെ നിർവചനത്തിൽ ഉൾക്കൊള്ളാത്തതുകൊണ്ട് മഹാഭൂരിപക്ഷം വരുന്ന ബീഡിത്തൊഴിലാളികൾ പ്രത്യേകിച്ചും സാധു ബീഡി ഉണ്ടാക്കുന്ന തൊഴിലാളികൾക്ക് ഈ ആനുകൂല്യത്തെക്കുറിച്ച് സ്വപ്നം കാണാൻ പോലും സാധിക്കുകയില്ല. അതിന്റെ അർത്ഥമെന്താണ് സർ? ചില ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് ബീഡിത്തൊഴിലാളികൾ വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്നുണ്ടെങ്കിലും അവിടെയുണ്ടായിട്ടുള്ള ഈ പ്രത്യേക വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ മഹാഭൂരിപക്ഷം തൊഴിലാളികളും ഇന്നും ഈ ബില്ലിന്റെ പരിധിക്കകത്തുനിന്നും മാറ്റിനിർത്തപ്പെടുകയാണ് എന്നുള്ള യാഥാർത്ഥ്യം ഗവൺമെന്റ് പുനഃപരിശോധിക്കണം. എങ്കിൽ മാത്രമേ ഏതുതരത്തിലാണ് അതിനൊരു പരിഹാരം കാണാൻ കഴിയുക എന്നു മനസ്സിലാകുകയുള്ളൂ. എനിക്ക് ലഘുവായ ഒരു നിർദ്ദേശമേ ഉള്ളൂ. ഞാൻ പറയുന്ന നിർദ്ദേശം പൂർണ്ണമായും ശരിയാണോ എന്നൊന്നും എനിക്കറിയില്ല. പരിശോധിക്കേണ്ട വിഷയമാണ്. അങ്ങനെ പരിശോധിക്കേണ്ടതുള്ളതുകൊണ്ടാണ് വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള കാര്യം ഞാൻ പറയുന്നത്. അങ്ങനെ പരിശോധിക്കുമ്പോൾ ഒരു പ്രിൻസിപ്പൽ മാനേജ്മെന്റ് എന്ന സങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ ആ മാനേജ്മെന്റിന്റെ കീഴിൽ എത്രതരം ബ്രാഞ്ചുകളിൽ ആളുകൾ പ്രവർത്തിക്കുന്നുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

ആ ബ്രാഞ്ചിൽ പ്രവർത്തിക്കുന്ന തൊഴിലാളിയും ആ ഫാക്ടറിയുടെ പരിധിയിൽ വരുന്ന തൊഴിലാളികളാണ് എന്നർത്ഥം വരത്തക്കവിധത്തിലുള്ള ഭേദഗതി, അതിനനുസരിച്ചിട്ടുള്ള ഒരു നിയമനിർമ്മാണം. അതിനനുസരിച്ചുള്ള ചട്ടങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്താൻ കഴിഞ്ഞാലല്ലാതെ കണ്ണൂർ ജില്ലയിലെ മഹാഭൂരിപക്ഷം വരുന്ന ബീഡിത്തൊഴിലാളികൾക്ക് ഈ ബില്ലിന്റെ ആനുകൂല്യം ലഭിക്കാൻ പോകുന്നില്ല. അതുകൊണ്ട് അതിന് ഒറ്റ വാക്യത്തിൽ ഒരു മറുപടി പറയാൻ മന്ത്രിക്കിവിടെ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് സമഗ്രമായൊരു പരിശോധന വീണ്ടും ഈ മേഖലയിൽ ആവശ്യമായി വന്നിരിക്കുന്നുവെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. അതുകൊണ്ട് അക്കാര്യം വീണ്ടും ഒന്നുകൂടി പരിശോധിക്കണമെന്ന് ഞാനപേക്ഷിക്കുകയാണ്.

സർ, ഞാൻ മറ്റൊരു കാര്യം കൂടി ചൂണ്ടിക്കാണിക്കുവാനാഗ്രഹിക്കുകയാണ്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട സംഘടിതതൊഴിൽ മേഖല ഓരോന്നോരോന്നായി എടുത്തു പരിശോധിച്ചു നോക്കിയാൽ അവർക്കെല്ലാം പ്രത്യേകം പ്രത്യേകം മേഖലകളിൽ ഒരുപാട് ആനുകൂല്യങ്ങളും ഒട്ടനവധി ക്ഷേമനിധികളും ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങളുമൊക്കെയുണ്ട് എന്നു നാം കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും ഈ ക്ഷേമപ്രവർത്തനങ്ങളെയെല്ലാം എകോപിപ്പിച്ച് ഒരു പ്രത്യേക ഏജൻസിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പിന്റെ കീഴിൽ എല്ലാ വിധ ആനുകൂല്യങ്ങളും കൊടുക്കുന്നതിനെക്കുറിച്ചുള്ള ഒരു പുതിയ സംവിധാനത്തെക്കുറിച്ച് നമുക്ക് ആലോചിക്കുവാൻ കഴിയുമോ? അങ്ങനെയാണെങ്കിൽ എന്തുവരും? ഈ ക്ഷേമപ്രവർത്തനങ്ങളെയെല്ലാം ഏകീകരിപ്പിക്കാനും ഓരോ മേഖലയിലേയും കഷ്ടപ്പെടുന്ന ജനവിഭാഗങ്ങൾക്ക് സമഗ്രമായ ഈ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട്, കഴിയാവുന്നത്ര അനുകൂല്യങ്ങളും സഹായങ്ങളും സ്വരൂപിക്കാൻ കഴിയുന്ന ഒരവസ്ഥാവിശേഷം ഉണ്ടാക്കാൻ കഴിയും. അതുകൊണ്ട് ഗവൺമെന്റ് ആ വഴിയ്ക്കുകൂടി ആലോചിക്കണമെന്ന് തോന്നുന്നതുകൊണ്ടാണ് സമഗ്രമായ ഒരു പരിശോധനയ്ക്ക് ഒരിക്കൽകൂടി വിധേയമാക്കാനുള്ള സൻമനോഭാവം ഈ സർക്കാർ കാണിക്കണമെന്ന് ഒന്നുകൂടി അഭ്യർത്ഥിക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ നിയമം വീണ്ടും സബ്ജക്റ്റ് കമ്മറ്റിയ്ക്ക് വിടണമെന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

സർ, ഈ തൊഴിലാളി ക്ഷേമനിധി നിയമം ആദ്യമായി ഈ നിയമസഭയിൽ അവതരിപ്പിച്ചത് ശ്രീ. മത്തായി മാഞ്ഞൂരാനാണ്. ഈ നിയമം നമ്മുടെ സംസ്ഥാനത്തുള്ള അദ്ധ്വാനിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി വളരെ നല്ല ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഒരു നിയമമാണ്. എന്നാൽ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞതുപോലെ 12 ലക്ഷം രൂപയാണ് ഒരാണ്ടിൽ, കഴിഞ്ഞവർഷം തന്നെ ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തു വരുമാനം വരുന്നത്. ആ 12 ലക്ഷം രൂപകൊണ്ട് ലക്ഷക്കണക്കിനുള്ള തൊഴിലാളികളുടെ ക്ഷേമപ്രവർത്തനം നടത്താൻ കഴിയുന്നതല്ലെന്നുള്ളതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവരാനിടയായത്. ഈ ഭേദഗതി കൊണ്ടുവരുമ്പോൾതന്നെ ഇപ്പോൾ സംസ്ഥാനത്ത് 30 ലക്ഷം രൂപയോളം വരുമെന്നാണ് ഗവൺമെന്റ് കണക്കുകൂട്ടിയിരിക്കുന്നത്. എന്നാൽ അതേസമയം 750

LIBRARY ARCHIVES Kerala Legislative Assembly

രൂപ വരെ വരുമാനമുണ്ടായിരുന്ന തൊഴിലാളികൾ എന്നുള്ളത് 2500 രൂപയായി വർദ്ധിപ്പിക്കുമ്പോൾ തൊഴിലാളികളുടെ കവറേജ് വളരെ കൂടുകയാണ്. അപ്പോൾ ഫലത്തിൽ പഴയ നിലയിൽ തന്നെ ഈ നിയമം വീണ്ടും നടപ്പിലാകാൻ പോവുകയാണ്. എന്നുപറഞ്ഞാൽ തൊഴിലാളികൾക്ക് കാര്യമായ നിലയിൽ പ്രയോജനമില്ലാത്ത നിലയിലേയ്ക്കാണ് ഇതിപ്പോൾ നടപ്പിലാക്കാൻ പോകുന്നത്. അതുകൊണ്ടാണ് ഞാൻ ചോദിച്ചത്, സംസ്ഥാന ഗവൺമെന്റിനോ കേന്ദ്ര ഗവൺമെന്റിനോ ഈ സംസ്ഥാനത്തെ അദ്ധ്വാനിക്കുന്ന തൊഴിലാളികൾക്കുവേണ്ടി, നമ്മുടെ നാട്ടിലെ വികസനത്തിനുവേണ്ടി പണിയെടുക്കുന്ന ആ തൊഴിലാളികൾക്കുവേണ്ടി, അവരുടെ ക്ഷേമപ്രവർത്തനത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ സംസ്ഥാന ഗവൺമെന്റിനും കേന്ദ്രഗവൺമെന്റിനും ബാദ്ധ്യതയില്ലേയെന്ന്? ഈ സംസ്ഥാനഗവൺമെന്റിനെ സംബന്ധിച്ചിടത്തോളവും കേന്ദ്രഗവൺമെന്റിനെ സംബന്ധിച്ചിടത്തോളവും പറയുകയാണെങ്കിൽ തൊഴിലാളികളെ വെറും രാജ്യദ്രോഹികളായി മാത്രം കാണുന്ന ഒരു നയമാണ് ഈ രണ്ടു ഗവൺമെന്റുകളും സ്വീകരിച്ചു കാണുന്നത്. അതാണ് ഇന്ന് സ്വീകരിച്ചു കൊണ്ടിരിക്കുന്ന നയം. ഈ സംസ്ഥാനത്തും ഇൻഡ്യയൊട്ടാകെ ഉണ്ടായിട്ടുള്ള എല്ലാ വികസനപ്രവർത്തനങ്ങളുടെയും ഉത്തരവാദികളായിട്ടുള്ളവർ തൊഴിലാളികളാണ്. അവരുടെ ചോരയുടേയും വിയർപ്പിന്റെയും നീരിന്റെയും ഫലമായിട്ടാണ് വികസനപ്രവർത്തനങ്ങളെല്ലാം നടന്നിട്ടുള്ളത്. അങ്ങനെ നമ്മുടെ വികസനപ്രവർത്തനങ്ങളും നടത്തുന്ന തൊഴിലാളികളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് സംസ്ഥാന—കേന്ദ്ര ഗവൺമെന്റുകൾ ഒഴിഞ്ഞുമാറി നിൽക്കുന്ന നിലയാണ് നമുക്കിന്ന് കാണാൻ കഴിയുന്നത്. ഗവൺമെന്റിനു ബാദ്ധ്യതയുണ്ടെങ്കിൽ ഇതിനുവേണ്ടിയുള്ള തൊഴിലാളികളുടെ ക്ഷേമനിധിയിലേക്കുള്ള ഫണ്ടിലേയ്ക്ക് സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും കോൺട്രിബ്യൂഷൻ ഉണ്ടാകേണ്ടതാണ്. ഈ ക്ഷേമനിധികളിലേയ്ക്ക് തൊഴിലാളികളിൽനിന്നും കിട്ടുന്ന വരുമാനം കുറവാണ്. അത് കണക്കിലെടുത്തുകൊണ്ട് അത് കോമ്പൻസേറ്റ് ചെയ്തുകൊണ്ട് തൊഴിലാളികളുടെ ക്ഷേമനിധികൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിനുപകരം സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകൾ ഇതിൽനിന്നും മാറി നിൽക്കുന്ന ലജ്ജാകരമായ ഒരവസ്ഥയാണ് ഈ രാജ്യത്ത് നമുക്ക് കാണാൻ കഴിയുന്നത്.

ഇന്ന് ഈ സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന ഗവൺമെന്റിനെ സംബന്ധിച്ച് ആലോചിച്ചാൽ തൊഴിലാളികളുടെ താല്പര്യങ്ങൾക്കെതിരായി ചിന്തിക്കുന്ന, പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റായിട്ട് മാത്രമേ കാണാൻ കഴിയുകയുള്ളൂ. ഈ കേരളസംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, പറയുകയാണെങ്കിൽ നമ്മുടെ 90% തൊഴിലാളികളും അസംഘടിത മേഖലയിലാണ് പണിയെടുക്കുന്നത്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് ജീവനക്കാരും സംഘടിത മേഖലയിലെ തൊഴിലാളികളും കഴിഞ്ഞാൽ 90%-ത്തോളം തൊഴിലാളികളും അസംഘടിത മേഖലയിലാണ് പണിയെടുക്കുന്നത്. അങ്ങനെയുള്ള തൊഴിലാളികൾക്കുവേണ്ടി ഈ ഗവൺമെന്റ് കഴിഞ്ഞ 5 വർഷമായി ഇവിടെ പലതും പ്രഖ്യാപിക്കുന്നു, തൊഴിലാളികൾക്കുവേണ്ടി ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് പറയുന്നു. ഈ ഗവൺമെന്റിന് ആത്മാർത്ഥമായി ഈ തൊഴിലാളികൾക്കുവേണ്ടി എന്തുനടപടികളാണ് സ്വീകരിച്ചതെന്ന് പറയുവാൻ കഴിയുമോ? അങ്ങേയ്ക്ക് അത് നിഷേധിക്കാൻ കഴിയുമോ? കേരളത്തിലെ കയർതൊഴിലാളികൾ ഈ സംസ്ഥാനത്തിന്റെ രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ മാറ്റങ്ങൾക്കെല്ലാം വലിയ സംഭാവനകൾ നല്കിയിട്ടുള്ളവരാണ്. അതുകൊണ്ടുതന്നെയാണ് ഒരിക്കൽ ശ്രീ. വയലാർ രാമവർമ്മ പാടി, ''കയറു പിരിക്കും തൊഴിലാളിക്കൊരു കഥയുണ്ടുജ്ജ്വല സമരകഥ,''

അത് പറയുമ്പോൾ ''എന്നുടെ നാടിന്നഭിമാനിക്കാൻ വകയുണ്ട്'' എന്ന് കയർതൊഴിലാളികളെക്കുറിച്ച് പാടിയെങ്കിൽ ഈ നാടിന്റെ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക മാറ്റങ്ങൾക്കുവേണ്ടി വലിയ സംഭാവനകൾ ചെയ്ത ആ കയർതൊഴിലാളികളെ അപമാനിച്ച ഒരു ഗവൺമെന്റാണ് ഇന്ന് അധികാരത്തിലിരിക്കുന്ന ഈ ഗവൺമെന്റ്. 1980-81-ൽ ശ്രീ. തച്ചടി പ്രഭാകരനും അങ്ങും ഇവിടെ ഇടതുപക്ഷത്തിരിക്കുമ്പോഴാണ് ഈ 5 ലക്ഷത്തോളം വരുന്ന കയർതൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി എന്നുള്ള നിലയിൽ ഒരുകോടി രൂപ അവർക്കുവേണ്ടി മാറ്റിവച്ചത്. അതുപോലെതന്നെ കശുവണ്ടിതൊഴിലാളികളും കൈത്തറിതൊഴിലാളികളും. കേരളത്തിലെ ഏറ്റവും കൂടുതൽ തൊഴിലാളികളെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് പരമ്പരാഗത വ്യവസായമേഖലക്കുവേണ്ടി മൂന്നു കോടി രൂപ 1981-ൽ മാറ്റിവച്ചു. എങ്കിലും രാഷ്ട്രീയമായ ചില കാരണങ്ങൾമൂലം ആ ഗവൺമെന്റിന് അധികാരത്തിൽനിന്നും പോകേണ്ടിവന്നു. എന്നാൽ ആ മാറ്റിവച്ച തുകയിൽനിന്ന് എത്ര രൂപയാണ് ഈ ഗവൺമെന്റ് അവർക്കുവേണ്ടി ചെലവഴിച്ചത്?

സർ, ഞാൻ കഴിഞ്ഞ അസംബ്ലിയിൽ ഈ കയർതൊഴിലാളികളെപ്പറ്റി ഒരു ചോദ്യം ചോദിച്ചു. അതിന് എനിക്കു കിട്ടിയ മറുപടി 1983-84-ൽ 2,50,000 രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിരുന്നു. എന്നാൽ അതിൽ ചെലവഴിച്ചത് 89,400 രൂപയാണ്. അതിന്റെ ആനുകൂല്യം ലഭിച്ചത് 111 പേർക്കാണ്. 1984-85-ൽ 50,000 രൂപ ബഡ്ജറ്റിൽ മാറ്റിവച്ചു. അതിന്റെ ആനുകൂല്യം ലഭിച്ചത് കേവലം 100 പേർക്കാണ്.

സർ, 1985-86-ൽ 80,000 രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിരുന്നു. കരുണാകരൻ ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അഞ്ചു ലക്ഷത്തോളം കയർതൊഴിലാളികൾക്കുവേണ്ടി ആകെ ചെലവഴിച്ചത് രണ്ടുലക്ഷത്തിപത്തൊൻപതിനായിരം രൂപയാണ്. എന്നു പറഞ്ഞാൽ 5 വർഷംകൊണ്ട് ഒരു തൊഴിലാളിക്ക് ചെലവഴിച്ച തുക വെറും 40 പൈസയാണ്. നാണമില്ലേയെന്നു ഞാൻ ചോദിക്കുകയാണ്. ഇന്ന് അഞ്ചുലക്ഷം കയർതൊഴിലാളികളുള്ളതിൽ അയ്യായിരത്തിനു താഴെ തൊഴിലാളികൾ മാത്രമാണ് ഇ. എസ്. ഐ., പ്രോവിഡന്റ്ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾക്ക് വിധേയമായത്. ബാക്കി നാലേമുക്കാൽ ലക്ഷം തൊഴിലാളികളും ഇന്ന് സ്വകാര്യമേഖലയിൽ പണിയെടുക്കുന്നവരാണ്. അവർക്ക് ഈ ആനുകൂല്യങ്ങളൊന്നുമില്ല. ഇന്ന് വൻകിട കയർ ഫാക്ടറിയുടമകൾപോലും . .. .
ശ്രീ. രവിയേയും ശ്രീ. കരുണാകരനേയുംപോലെയുള്ള ആളുകൾക്ക് വലിയ കമ്പനികളുണ്ട്. ആ കമ്പനികളിൽപോലും ഇ. എസ്. ഐ. യോ പ്രോവിഡന്റ് ഫണ്ടോ മറ്റ് ആനുകൂല്യങ്ങളോ കിട്ടുന്ന തൊഴിലാളികൾ ഇല്ല. അങ്ങനെ 4,85,000 തൊഴിലാളികൾക്കും ഇ. എസ്. ഐ., പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ല. 40-50 കൊല്ലം കയർ ഫാക്ടറിയിൽ ചോരനീരാക്കി പണിയെടുത്തുകഴിഞ്ഞാൽ തൊഴിലാളിക്ക് ഒരു ആശ്വാസവുമില്ല എന്നുള്ളത് കണക്കിലെടുത്തുകൊണ്ടാണ് 1981-ൽ ആ തൊഴിലാളികളെ സഹായിക്കാൻ വേണ്ടി ഒരു കോടി രൂപ മാറ്റിവച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജെ. ലൂക്കോസ്: വിവിധ ക്ഷേമനടപടികളും സ്വീകരിക്കുന്നതിൽ ഗവൺമെന്റ് വേണ്ടത്ര താൽപര്യം കാണിക്കുന്നില്ലായെന്ന് അങ്ങ് പറഞ്ഞു. ഈ രംഗത്ത് പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകൾക്ക് നിലവിലുള്ള നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങളനുസരിച്ച് ഡിമാന്റുകൾ വയ്ക്കാനും അത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിപ്പിക്കുന്നതിനും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളോട് ആവശ്യപ്പെടുന്നവരല്ലേ? അത് ചെയ്തിട്ടുണ്ടോ?

ശ്രീ. എ. വി. താമരാക്ഷൻ: അങ്ങേക്ക് ഈ കയർതൊഴിലാളികളെ കുറിച്ച് അറിയാഞ്ഞിട്ടാണ്. ഈ കയർ മേഖല മുഴുവൻ ചെറുകിട മേഖലയിലാണ്. 4,000 ചെറുകിട കയർതൊഴിലാളികൾ എന്റെ നിയോജകമണ്ഡലത്തിലുണ്ട്. അവ രണ്ടും മൂന്നും തൊഴിലാളികൾ പണിയെടുക്കുന്ന ഫാക്ടറികളാണ്. അവിടെ ഈ ഫാക്ടറി ആക്ട് ബാധകമല്ല. അവർക്ക് ഇ. എസ്. ഐ. ഇല്ല, പ്രോവിഡന്റ് ഫണ്ട് ഇല്ല, ഗ്രാറ്റുവിറ്റിയില്ല, ഒന്നുമില്ല. കുറഞ്ഞ കൂലിയ്ക്കാണ് തൊഴിലാളികളെകൊണ്ട് പണിയെടുപ്പിക്കുന്നത്. ആ നിലയിലാണ് മുഴുവൻ കിടക്കുന്നത്. അവിടെ എങ്ങിനെയാണ് ഈ നിയമം നടപ്പിലാക്കാൻ കഴിയുന്നത്? ഒന്നും രണ്ടും തറികളിൽ രണ്ടും മൂന്നും തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളാണ് അവ. 4,000 കയർ ഫാക്ടറികൾ ചേർത്തല-അമ്പലപ്പുഴ താലൂക്കിലുണ്ട്. അങ്ങനെ 10-40 വർഷം കയർ ഫാക്ടറിയിൽ പണിയെടുത്തുകഴിഞ്ഞാൽ അവന് ജോലി ചെയ്യാൻ മാർഗ്ഗമില്ലാതെ ക്ഷയരോഗികളായി രക്തം ചുമച്ച് തുപ്പുമ്പോൾപോലും ഒരാനുകൂല്യവുമില്ലാതെ പിരിഞ്ഞുപോകേണ്ട അവസ്ഥയാണ് ഇന്നുള്ളത്. അത് കണക്കിലെടുത്തുകൊണ്ടാണ് 1981-ൽ ഒരു കോടി രൂപ മാറിവച്ചത്. ആ സ്ഥാനത്ത് ഈ ഗവൺമെന്റ് കൊണ്ടുവന്നു ചെലവഴിച്ചിരിക്കുന്നത് രണ്ടുലക്ഷത്തിപത്തെൻപതിനായിരം രൂപ മാത്രമാണ്. ഈ തൊഴിലാളികൾക്ക് തൊഴിലുകൾ എന്നു പറയാൻ അവകാശമുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. എന്താണ് കശുവണ്ടി മേഖലയിലെ സ്ഥിതി? കശുവണ്ടി മേഖലയിലെ കഴിഞ്ഞ ആറു മാസത്തെ സ്ഥിതി അങ്ങേക്ക് അറിയാവുന്നതാണ്. തൊഴിലാളികളുടെ നോട്ടിഫൈഡ് വേജുപോലും കൊടുക്കാതെ മുതലാളിമാർക്ക് കൂട്ടുനിന്നുകൊണ്ട് തൊഴിലാളികളെ അടിച്ചമർത്താൻ ശ്രമിച്ച ഗവൺമെന്റാണ് ഇന്ന് അധികാരത്തിലിരിക്കുന്നത്.

സർ, ഇവിടെ ബീഡിത്തൊഴിലാളികളുടെ കാര്യം പറഞ്ഞു. ഏത് തൊഴിലാളിക്കുവേണ്ടി എന്താണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്? ഇപ്പോൾ തിരഞ്ഞെടുപ്പ് വന്നപ്പോൾ ഒരു പ്രഖ്യാപനം നടത്തിയിരിക്കുകയാണ്.

ശ്രീ. പി. പി. തങ്കച്ചൻ: അങ്ങ് പറഞ്ഞല്ലോ ഈ ഭാഗം തൊഴിലാളികൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല ആ ഭാഗമാണ്, ഒക്കെ ചെയ്തത് എന്ന്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, 1957-ലും 1967-ലുമൊക്കെ ഗവൺമെന്റ് വന്നല്ലോ, ആരാണ് കർഷകതൊഴിലാളി നിയമവും ചുമട്ടു തൊഴിലാളി നിയമവും കൊണ്ടുവന്ന് പാസ്സാക്കിയത്?

ശ്രീ. എ. വി. താമരാക്ഷൻ: 1957-ൽ നമ്മുടെ രാജ്യം വളർന്നുകൊണ്ടിരിക്കുകയാണ്. രാജ്യം വളർന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഓരോ നയവും മാറിക്കൊണ്ടിരിക്കുകയാണ്. 1981-ൽ ഇവിടത്തെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങി മൂന്നു വൻകിട വ്യവസായമേഖലകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി മൂന്നുകോടി രൂപ മാറ്റിവച്ചിട്ട് ആ രംഗത്തേക്ക് കന്നുകാലി വഴിക്കാൻ കഴിയാത്ത നിങ്ങൾക്ക് തൊഴിലാളിക്ക് ഒരു അവകാശമുണ്ടെന്ന് പറയാൻ കഴിയുമോ? ഇതു മാത്രമല്ല ഇപ്പോൾ പറയുന്നത്. അസംഘടിത മേഖലയ്ക്ക് ഇപ്പോൾ ഒരു സ്കീം കൊണ്ടുവന്നിരിക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: 1957-ലും, 1967 ലും, 1980-ലും അധികാരത്തിൽ വന്ന ഗവൺമെന്റുകൾ. ഒരു രൂപ കൊടുക്കാതെ വിമോചന സമരമുൾപ്പെടെ നയിച്ച് എല്ലാ പുരോഗമന പരിപാടികളേയും തുരങ്കം വച്ചതല്ലേ കാര്യങ്ങൾ നടക്കാതെ പോയതിന് കാരണം.

ശ്രീ. എ. വി. താമരാക്ഷൻ: അതുപോലെതന്നെ നമ്മുടെ സംസ്ഥാന ത്തെ നിർമാണരംഗത്തെ തൊഴിലാളികൾ.....

ശ്രീമതി കെ. ആർ. ഗൗരി: തെറ്റിദ്ധരിപ്പിക്കത്തക്കവിധത്തിൽ ചോദ്യ ങ്ങൾ ചോദിച്ചാൽ പിന്നെ അങ്ങോട്ട് ചോദ്യം ചോദിക്കേണ്ടിവരികയില്ലേ? 1957-ലെ ഗവൺമെന്റാണ് ഇൻഡ്യയിൽ ആദ്യം കർഷകതൊഴിലാളികൾക്ക് മിനിമം വേജ് കൊടുത്തത്. 1957-ലും 1967-ലും വന്ന ഗവൺമെന്റാണ് ഇവിടെ കർഷകതൊഴിലാളികൾക്കും കുടികിടപ്പുകാർക്കും വീടിനു ഭൂമി കൊടുത്തത്.

ശ്രീ. എ. വി. താമരാക്ഷൻ: മറ്റൊരു വിഭാഗമാണ് കെട്ടിട നിർമ്മാണ തൊഴിലാളികൾ. ഇന്ന് ഈ സംസ്ഥാനത്ത് ഉയർന്നുനിൽക്കുന്ന എല്ലാ കെട്ടിടങ്ങളും പാലങ്ങളും റോഡുകളും ഉണ്ടാക്കിയ തൊഴിലാളികൾക്കു വേണ്ടി ഈ ഗവൺമെന്റ് എന്തു കൊണ്ടുവന്നു? അവർക്കുവേണ്ടി എന്ത് നടപടികൾ എടുത്തു? ഇപ്പോൾ ഇലക്ഷൻ വരുന്നുവെന്ന് കണ്ടുകഴിഞ്ഞപ്പോൾ 10 രൂപ മാസം ബാങ്കിൽ അടച്ചുകഴിഞ്ഞാൽ അവർക്ക് 40 കൊല്ലം കഴിയുമ്പോൾ ഒരു തുക കിട്ടും എന്നുള്ളനിലയിൽ തട്ടിപ്പു മായിട്ടാണ് ഈ ഗവൺമെന്റ് വന്നിരിക്കുന്നത്. ഗവൺമെന്റ് കോൺട്രി ബ്യൂഷൻ ഒന്നുമില്ല. തൊഴിലാളികൾക്ക് എതിരായി നോട്ടിഫൈ ചെയ്ത മിനിമം വേജസ് പോലും കൊടുക്കാതെ മുതലാളിമാർക്കുവേണ്ടി ദാസ്യ വേല ചെയ്യുന്ന ഒരു ഗവൺമെന്റ് തൊഴിലാളികൾക്കുവേണ്ടി നിൽക്കുന്നു വെന്ന് പറഞ്ഞുകൊണ്ട് പദ്ധതിയുമായി വന്നിരിക്കുന്നു. അങ്ങനെ യുള്ള ഈ ഗവൺമെന്റിന് ആത്മാർത്ഥതയില്ല എന്നുള്ളതുകൊണ്ടു തന്നെ ഈ നിയമം സമഗ്രമായി കൊണ്ടുവരുന്നതിനുവേണ്ടി സബ്ജക്ട് കമ്മറ്റിയ്ക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാ നപ്പെട്ട മെമ്പർമാരെല്ലാം പൊതുവെ ഈ ബില്ലിനെ സ്വാഗതം ചെയ്തത് വളരെ സന്തോഷാർഹമാണ്. ഒന്നുരണ്ടു കാര്യങ്ങളിലുള്ള സംശയത്തിന്റെ കാര്യം ഞാൻ നിവർത്തിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനെ അഡ്മിനിസ്ട്രേഷൻ ബോർഡിൽ ഇഷ്ടക്കാരെ നിയമിക്കുന്നില്ല. ഇത് ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., സി.ഐ.ടി.യു. തുടങ്ങുന്ന സെൻട്രൽ ട്രേഡ് യൂണിയൻ ബോർഡിന്റെ പ്രതിനിധികളടങ്ങുന്ന ബോർഡും അവർ നടത്തിയിട്ടുള്ള നിയമങ്ങളുമാണ് പൊതുവെ കശുവണ്ടി ഫാക്ടറി, ബീഡിത്തൊഴിലാളികളെപ്പറ്റി പറഞ്ഞതു ശരിയാണ്. ഇതിനു മുമ്പിരുന്ന ശ്രീ. നായനാരുടെ ഗവൺമെന്റിന്റെ കാലത്ത് ഇതിന് ഒരു ഫൈസ പോലും വച്ചിരുന്നില്ല എന്നുള്ള സത്യത്തിനു തിരായി ബഹുമാനപ്പെട്ട താമരാക്ഷൻ വച്ചിരുന്നു വച്ചിരുന്നുവെന്ന് എത്ര പറഞ്ഞിട്ടും യാതൊരു പ്രയോജനവുമില്ല. വയ്ക്കുന്നതാണ് എന്ന് പറഞ്ഞിരുന്നു പക്ഷേ വച്ചി

LIBRARY ARCHIVES Kerala Legislative Assembly

രുന്നില്ല, അതുകൊണ്ടുതന്നെ അത് ചെയ്തിരുന്നുമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കശുവണ്ടി മേഖലയിൽ കോടിക്കണക്കിന് രൂപ വരി കയും ബെൽഫയർ കൊടുക്കുകയും ചെയ്തിരുന്നു. കയർ മേഖലയിൽ പരിമിതമാണെന്ന് ഞാൻ സമ്മതിക്കുന്നു. ആവശ്യത്തിന് അപേക്ഷകരെ കൊണ്ടുവന്ന് മുഴുവൻ തുകയും ഈടാക്കാൻ കഴിയാത്തതാണ് അതിനു കാരണം. അതുകൊണ്ട് എല്ലാവരും കൂടി അതാണ് ചെയ്യേണ്ടതെ് എന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അപേക്ഷകരില്ലാത്തതുകൊണ്ടാണ് തുക ലാപ്സായിപ്പോയിട്ടുള്ളത്. കർഷകത്തൊഴിലാളി ക്ഷേമനിധിയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിന്റെ നിയമ നിർമ്മാണം ശരിയായിക്കൊണ്ടിരിക്കുകയാണ്. അത് എത്രയും വേഗം നടത്തുന്നതാണ്. 1981 കഴിഞ്ഞാണ് 1982. 1982 കഴിഞ്ഞാണ് 1983. 1980-83-ലൊന്നും ബഹുമാന്യനായ സ്നേഹിതൻമാർക്ക് ആ തുക വർദ്ധിപ്പിക്കാൻ ഒരു പൈസപോലും കഴിഞ്ഞില്ല. അതിനേക്കാളും നല്ല കാര്യമാണ് ഇപ്പോൾ ഈ തുക വർദ്ധിപ്പിക്കുന്നത്. സർക്കാർ കോൺട്രിബ്യൂഷനൊന്നും നടത്തുന്നില്ലയെന്നുള്ള സാങ്കേതികവാദത്തിനെതിരായുള്ള വാദമാണ് ഇവിടെ നടന്നത്. വർഷം തോറും ഇതിന് ഒരു കോൺട്രിബ്യൂഷൻ കൊടുക്കും. വിവിധ കാലയളവിലായി ഇതുവരെ 39.85 ലക്ഷം രൂപ ഈ ക്ഷേമനിധിക്കായി തന്നെ കേരള സർക്കാർ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചതുപോലെ തോട്ടം തൊഴിലാളി രംഗത്തും ഷോപ്സ് ആൻഡ് കമേഴ്സ്യൽ രംഗത്തും മറ്റു രംഗങ്ങളിലുമുള്ള കൂടുതൽ തൊഴിലാളികളെ ഇതിലേക്ക് പെടുത്തുന്നുണ്ട്. ഇതിനകത്ത് സാമ്പത്തികം കൂടുകയും കൂടുതൽ തൊഴിലാളികൾക്ക് ക്ഷേമം വരികയും ചെയ്യുന്നു. അങ്ങനെയുള്ള നിലയ്ക്ക് ഈ ബിൽ വേഗം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. കെ. കേശവൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

'സബ്ജക്ട്' കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ പരിഗണനക്കെടുത്തു.

Shri. Kanam Rajendran: Sir, I move that 'In sub-clause (i) of clause (d) of section 2 of the Principal Act proposed to be amended by clause 2 for the words "not less than thirty days" substitute the words "not less than twenty days".

In sub-clause(iii) of clause (f) of section 2 of the Principal Act proposed to be substituted by clause 2 (2) (a) after the words "oil palm" insert the words "coconut, cereal and grain". 2-ാമത്തെ ക്ലാസിൽ "not less than thirty days" എന്നാണ് പറയുന്നത്. 30 ദിവസമെന്ന് കൃത്യമായി നിർബന്ധിക്കുന്നത് ശരിയായിരിക്കുകയില്ല. അങ്ങനെയാണെങ്കിൽ അധിക ദിവസങ്ങളൊക്കെ കണക്കു കൂട്ടേണ്ടതായിട്ട് വരും. അതുകൊണ്ട് "not less than twenty days" എന്നാക്കി മാറ്റണമെന്നുള്ളതാണ് എന്റെ ആദ്യത്തെ ഭേദഗതി. അടുത്ത ഭേദഗതി 'ഓയിൽ പാം' എന്ന് കഴിഞ്ഞതിനുശേഷം കർഷകത്തൊഴിലാളി എന്നുള്ള നിർവ്വചനത്തിൽ നടപ്പിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുവെന്നൊക്കെ മന്ത്രി പറയുന്നുണ്ടെങ്കിലും, നാളികേര തോട്ടങ്ങളിലും അതുപോലെ തന്നെ മറ്റു മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളെ ആകെക്കൂടി ഇതിൽ കൊണ്ടുവരണം. ഇപ്പോൾ കർഷകത്തൊഴിലാളി നിയമമുണ്ടെങ്കിലും അത് നടപ്പിലായിട്ടില്ല. അതുകൊണ്ട് ആ തൊഴിലാളികൾക്ക് കൂടി ആ സൗകര്യം ഉണ്ടാക്കണമെന്നുള്ളതാണ്.

Shri. K. Pankajakshan: Sir, I move that 'In sub-clause (iii) of cluase (f) of Section 2 of the Principal Act proposed to be substituted by clause 2 (2) (a) delete the word "or" appearing in between "Oil palm" and "Cocoa" and add after the word "cocoa" any other plantation".

സർ, എനിക്ക് ഈ ബില്ലിനെ സംബന്ധിച്ച് സംസാരിക്കാൻ അവസരം കിട്ടിയില്ല. ഇതുപോലെ തൊഴിലാളികളെ ആകമാനം ബാധിക്കുന്ന ഒരു ബില്ലിന്റെ ചർച്ചാവേളയിൽ തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന ഞങ്ങൾക്ക് ഇതിനെപ്പറ്റിയൊക്കെ അഭിപ്രായം പറയാനുണ്ട്. സാധാരണ ഗതിയിൽ ഇവിടെ നടക്കുന്ന കയ്യാംകളികളല്ലാതെതന്നെ അഭിപ്രായപ്രകടനങ്ങൾ നടത്താനുള്ളവരാണ് ഞങ്ങൾ. ഞങ്ങൾക്ക് അതിന് അവസരം ലഭിക്കാതെ പോകുന്നത് ഖേദകരമായ വസ്തുതയാണ്. ഈ ഭേദഗതി ഞാൻ 2-ാം വകുപ്പിലെ ഉപവകുപ്പ് (iii) f-ൽ ഓയിൽ പാമും കൊക്കോയുമായിട്ട് നിർത്തുന്നു. അതിൽ ഒതുങ്ങാതെ മറ്റു പല പ്ലാന്റേഷനുകളുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഈ കഴിഞ്ഞ ഏതാനും രണ്ടു മൂന്നു മാസങ്ങളായി പല വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകമായി ക്ഷേമനിധികൾ രൂപീകരിക്കുന്നുവെന്ന് പ്രഖ്യാപനങ്ങൾ നടത്താറുണ്ട്. ആ പ്രഖ്യാപനങ്ങൾ വെറും കാപട്യമല്ലെന്ന് ഈ തൊഴിലാളി വിഭാഗങ്ങൾക്ക് മനസ്സിലാകണമെങ്കിൽ വ്യക്തമായ നടപടികളുണ്ടാകണം. ഇന്ന് രാവിലെ അദ്ദേഹം ഷോർട്ട് നോട്ടീസ് കസ്റ്റന്റ് മറുപടി പറഞ്ഞപ്പോൾ ഞാൻ ആ കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ലെജിസ്ലേഷന്റെ പിൻതുണയില്ലാതെ വാക്കുകൊണ്ട് ഈ ക്ഷേമനിധി രൂപീകരിച്ചുവെന്ന് പറഞ്ഞാൽ അത് ഫലപ്രാപ്തിയിലെത്തുന്ന ഒന്നല്ല. ഇപ്പോൾ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കാര്യം ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി അതിന് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് നടപടികളെടുക്കുമെന്ന് സൂചിപ്പിച്ചു. നിയമനിർമ്മാണം അനിവാര്യമാണ്., അല്ലെങ്കിൽ ഇത് ഫലവത്താകുകയില്ലെന്ന് ഇപ്പോൾ അദ്ദേഹത്തിന് തന്നെ ബോദ്ധ്യപ്പെടുകയുണ്ടായി. അതുപോലെ പല വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധിയെപ്പറ്റിയുള്ള പരാമർശങ്ങളുണ്ടാകുന്നു. എന്നാൽ അവയ്ക്ക് അതിനാവശ്യമായ നടപടികളുണ്ടാകുകയില്ല; ഉണ്ടാകുന്നുമില്ല. ഏതാനും വർഷങ്ങൾക്ക് മുമ്പ് നമ്മുടെ കശുവണ്ടി തൊഴിലാളികൾക്ക് വേണ്ടി ഒരു ക്ഷേമനിധി രൂപീകരിച്ചുകൊണ്ടുള്ള നിയമ നിർമ്മാണം നടത്തി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്കയച്ചിട്ട് ഒന്നുമുണ്ടായിട്ടില്ല. ആ കാര്യം ഞാൻ ഇവിടെ ഓർക്കുകയാണ്. നമ്മുടെ ബഡ്ജറ്റിലുൾപ്പെടുത്തിച്ച കുറച്ച് രൂപ കശുവണ്ടി തൊഴിലാളികളുടെ ക്ഷേമ ഐശ്വര്യങ്ങൾക്കു വേണ്ടിയാണെന്ന് പറഞ്ഞിട്ട് ഒരു പൈസപോലും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. എന്നിട്ട് ഇപ്പോൾ ഒരു പൈസയും നീക്കിവയ്ക്കാൻ കഴിയുന്നില്ല. സർക്കാരിന്റെ സാമ്പത്തിക പരാധീനതകൾ പരിഗണിക്കുമ്പോൾ ഈ കശുവണ്ടി തൊഴിലാളികളുടേയും കയർത്തൊഴിലാളികളുടേയും കൈത്തറിത്തൊഴിലാളികളുടേയും ആവശ്യത്തിനു വേണ്ടി ഒരു പൈസയും നീക്കിവയ്ക്കാൻ കഴിയുന്നില്ല. ആ തൊഴിലാളികൾക്ക് വേണ്ടി എന്തെങ്കിലും കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

പൈസ നീക്കിവച്ചാൽ, അത് ഉപയോഗിക്കാനും കഴിയുന്നില്ല. ഇതിൽ പ്രൊഡക്ടീവ് പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ തൊഴിലാളികളിൽ പത്തുപേരുണ്ടെങ്കിൽ അവർക്ക് കൊടുക്കണമെന്നായിരുന്നു നേരത്തെയുള്ള വ്യവസ്ഥ. അതിപ്പോൾ പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിൽ നിന്നുള്ളത് എന്നത് മാറി. എനിക്ക് ആ കാര്യത്തിൽ സന്തോഷമേയുള്ളൂ. പക്ഷേ അത് തേയില, കാപ്പി, റബ്ബർ എല്ലാ, കൊക്കോ തുടങ്ങിയ തൊഴിലാളികൾക്ക് മാത്രമായി സങ്കുചിതപ്പെടുത്തുന്നത് ശരിയല്ല. മറ്റ് പല ഫാമുകളും, പ്ലാന്റേഷനുകളും, വെജിറ്റേഷൻസുമുണ്ട്. ഉദാഹരണത്തിന് ഇഞ്ച, മുള ഇവ വ്യാപകമായ തോതിൽ കൃഷിചെയ്യുന്ന കേന്ദ്രങ്ങളുണ്ട്. വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ തന്നെ കൃഷിനടത്തുന്ന മറ്റിടങ്ങളുമുണ്ട്. അവിടത്തെ തൊഴിലാളികൾക്ക് മൊത്തത്തിൽ ഈ ക്ഷേമനിധി ബാധകമല്ലാതായിത്തീരും. അത് പരിഗണിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ അത് ഉന്നയിച്ചതാണ്. അപ്പോൾ ഇത് പരിമിതപ്പെടുത്തുന്നതിനു പകരം any other plantation, ten or more workers എന്ന് ഭേദപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

(സഭ, ചായയ്ക്കുവേണ്ടി 4.45-നു നിർത്തിവയ്ക്കുകയും 5 മണിക്ക് വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

Shri. E. T. Mohammed Basheer: Sir, I move the following amendments:

In sub-clause (i) of clause (d) of section 2 of the Principal Act proposed to be amended by clause 2 add the following Explanation namely:

"Explanation: Any kind of authorised leave availed of by the Employee shall be taken into account for calculating the period under this sub-clause".

In sub-clause (iii) of clause (f) of section 2 of the Principal Act proposed to be substituted by clause 2 (2) (a) after the word "oil palm" insert the words "or cashew seedings for commercial or research purposes".

സർ, ക്ലാസ് 2-ൽ സബ് ക്ലാസ് 1-ന് ഒരു എക്സ്പ്ലനേഷൻ ചേർക്കണമെന്നതാണ് എന്റെ ഭേദഗതി. അതായത് ഇതിന് അർഹമാകുന്നതിനു വേണ്ടി 30 ദിവസം ജോലി ചെയ്തിരിക്കണമെന്നതാണ് വ്യവസ്ഥ. അപ്പോൾ മെഡിക്കൽ ലീവും മറ്റുമായിട്ട് നിൽക്കുന്ന തൊഴിലാളികൾക്ക് യഥാർത്ഥത്തിൽ ദീർഘകാലം ലീവ് ആകുകയാണെങ്കിൽ അതിന്റെ ആനുകൂല്യം നഷ്ടപ്പെടാൻ ഇടയുണ്ട്. അതുകൊണ്ട് ആ ലീവിലുള്ള ആളുകളെക്കൂടി പരിഗണിക്കത്തക്ക വിധത്തിലുള്ള ഈ സബ് ക്ലാസ് ഒന്നിനു ശേഷം "Any kind of authorised leave availed of by the Employee shall be taken into account for calculating the period under this sub-clause". ഈ എക്സ്പ്ലനേഷൻ അതിന്റെ ചുവട്ടിൽ ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഈ ഡഫനിഷനിൽ ഇത് ആപ്ലിക്കബിളായ വർക്കേഴ്സിനെ സംബന്ധിച്ചിടത്തോളം നിയമത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കുന്നിടത്തോളം ഇതിന്റെ സ്കോപ്പ് വലുത ക്കിയിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. പങ്കജാക്ഷൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

3—ാം വകുപ്പ്

Shri. Kanam Rajendran: Sir, I move that for sub-clause (ii) of clause 3 by which clause (1) of sub-section (2) of section 3 of the Principal Act is proposed to be omitted, substitute the following namely:

"(1) All fines imposed and realised from Employers by courts or other authorities for violation of Labour Laws."

ഇതിൽ പറയുന്നത് മൂലനിയമത്തിലെ സബ് ക്ലാസിന്റെ ഭാഗത്ത് Clause (1) shall be omitted എന്നാണ്. അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എത്രയാണെന്ന് കണക്കാക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടും മാറും. ഇപ്പോൾ ഈ ക്ലാസ് തന്നെ ഡിലീറ്റ് ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടുവന്ന നിയമത്തിൽ കാണുന്നത്. കോടതിക്ക് നമ്മൾ vote ചെയ്തുകൊടുക്കുന്ന പണം, ഗവൺമെന്റിന്റെ പണമാണ്, അതുകൊണ്ട് ഡിഡക്ഷൻ എന്ന ഭാഗം ഒഴിവാക്കിക്കൊണ്ട്

(1) All fines imposed and realised from employers by courts or other authorities for violation of Labour Laws less the deduction made by the courts towards the administrative expenses എന്നുള്ളത് നിലനിർത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri. E. T. Mohammed Basheer: Sir, I move that for sub-clause (ii) of clause 3 by which clause (1) of sub-section (2) of section 3 of the Principal Act is proposed to be omitted substitute the following namely:

"(1) All fines imposed and realised from Employers by courts for violation of Labour Laws less ten percent deduction towards the administrative expenditure of the court."

എന്റെ ഭേദഗതി ശ്രീ. കാനം രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെതന്നെ ഈ ലേബർ വെൽഫെയർ ഫണ്ടിന്റെ വരുമാനമാർഗ്ഗങ്ങളെ തെഴിലുടമകൾ തൊഴിൽ നിയമം ലംഘിക്കുന്നതിന്റെ ഫലമായിട്ട് ഈടാക്കുന്ന പിഴ

LIBRARY ARCHIVES Kerala Legislative Assembly

ഇതിലേക്ക് മുതൽ കൂട്ടുകയാണെന്ന് പറഞ്ഞിട്ടുണ്ട്. അത് കോടതികളുടെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന കണക്കിൽ പെടുത്താൻ നിവൃത്തിയില്ലത്തതുകൊണ്ട് ആ വരുമാനമേ വേണ്ട എന്ന് വച്ചിരിക്കുകയാണ്. അതുകൊണ്ട് ഈ ചെലവിലേക്ക് 10% വകയിരുത്തി ബാക്കി ഇതിലേക്ക് മുതൽകൂട്ടാക്കണമെന്നതാണ് എന്റെ ഭേദഗതി.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, കോടതികളുടെ അഡ്മിനിസ്ട്രേറ്റീവ് എക്സ പെൻസ് നിർണ്ണയിക്കാൻ കഴിയുന്നില്ലായെന്നതുകൊണ്ട്, ഇതുവരെ പ്രയോഗികമായി ചെയ്യാൻ കഴിയുന്നില്ല. അത് ഭരണപരമായ പല ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നതുകൊണ്ട് പ്രയോജനകരമല്ലാത്ത ഇത് ഒമിറ്റ് ചെയ്യാം എന്ന് വിചാരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

4—ാം വകുപ്പ്

Shri. Kanam Rajendran: Sir, I move the following amendments:

(1) In sub section (i) of Section 14 of the principal Act, proposed to be substituted by clause 4 of, for the words "not less than thirty days" substitute the words "not less than fifteen days".

(2) In sub-section 2 of the Section 14 of the principal Act proposed to be substituted by clause 4 delete the words "without reasonable cause".

(3) In sub-section 2 of section 14 of the principal Act proposed to be substituted by clause 4, for the words "nine per cent" substitute the words "twenty four per cent".

(4) In sub-section (2) of section 14 of the principal Act proposed to be amended by clause 4, delete the proviso.

4-ാം വകുപ്പിൽ ഇപ്പോൾ പറയുന്നത് കമ്മീഷണർ നോട്ടീസ് കൊടുത്തു കഴിഞ്ഞാൽ എംപ്ലോയറുടെ പക്കൽ നിന്നും നിശ്ചിത സമയത്തിനുള്ളിൽ ഈ തുക ഈടാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം എന്നാണ്. നോട്ടീസ് തന്ന് 30 ദിവസത്തിനുള്ളിൽ അത് ഈടാക്കണമെന്നാണ് പറയുന്നത്. 30 ദിവസമെന്നു പറയുന്നത് വളരെ കൂടിയ കാലാവധിയാണ്. നമ്മുടെ പല ക്ഷേമനിധിയിലേക്കും തൊഴിലാളികളുടെ കയ്യിൽനിന്നും പണം പിരിച്ചെടുത്ത് കഴിഞ്ഞ ശേഷം ഉടമ അത് അടയ്ക്കാതിരിക്കുന്നതായിട്ടുള്ള നിരവധി അനുഭവങ്ങളുണ്ട്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

30 ദിവസമെന്ന് പറയുന്ന സമയം കുറച്ച് 15 ദിവസത്തിനുള്ളിൽ അടയ്ക്കണമെന്നത് നിർബന്ധമാക്കണം എന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. അതുപോലെ തന്നെ അതിലെ രണ്ടാമത്തെ ഉപവകുപ്പിൽ പറയുന്നത് if the employer fails without reasonable cause എന്നാണ്. Without reasonable cause എന്ന് പറയുന്നത് ഇലാസ്റ്റിക്ക് പോലെ വലിച്ചാൽ നീളുന്ന ഒരു കാര്യമാണ്. അതുകൊണ്ട് If the employer fails to pay the amount എന്നാക്കി മാറ്റണം. Without reasonable cause എന്നുള്ളത് ഒഴിവാക്കണമെന്നുള്ളതാണ് എന്റെ രണ്ടാമത്തെ ഭേദഗതി. അതുപോലെ തന്നെ മൂന്നാമത്തെ ഭേദഗതി. ഇപ്പോഴും 9% പലിശ ഈടാക്കണമെന്നാണ് ഇതിനകത്ത് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ പണം ഇങ്ങനെ തൊഴിലാളികളുടെ പക്കൽ നിന്ന് വാങ്ങിക്കൂട്ടുകയും യഥാർത്ഥത്തിൽ ക്ഷേമനിധിയിൽ അടയ്ക്കാതിരിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ പെത്തുതൊഴിലാളിക്ഷേമനിധിയിലും അതുപോലെയുള്ള എല്ലാ ക്ഷേമനിധികളിലും ഉണ്ടായിട്ടുണ്ട്. അത് വളരെ ആദായകരമായ ഒരു ബിസിനസ്സായി മാറിയിട്ടുണ്ട്. ഇവിടെ നിശ്ചയിച്ചിട്ടുള്ളത് 9% പലിശയാണ്. 9% പലിശയ്ക്ക് പകരം പലിശ കൂട്ടി പീനൽ ഇൻറെസ്റ്റ് ഇതിന് ഏർപ്പെടുത്തിയെങ്കിൽ മാത്രമേ, ഈ ക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ട പണം അടയ്ക്കാതിരിക്കുന്നതിന് വേണ്ടി ഇന്ന് തൊഴിൽ ഉടമകളും സ്വീകരിക്കുന്ന നടപടികൾക്ക് നിയന്ത്രണമുണ്ടാക്കാൻ കഴിയുകയുള്ളൂ. 9% പലിശ ഈടാക്കിയാൽ മതിയെന്നുള്ളതുകൊണ്ടും ബ്ലേയിഡ് കമ്പനിയിൽ നിന്നും പണം എടുക്കുന്നതിനേക്കാൾ ലാഭമാണ് തൊഴിലാളികളുടെ കൈയിൽ നിന്നും പണം പിടിച്ചു വാങ്ങുന്നതെന്ന് എംപ്ലോയീസ് തീരുമാനിക്കുന്നതുകൊണ്ടും അവർ പണം അടയ്ക്കാറില്ല. അതുകൊണ്ട് അൽപം കൂടുതൽ, 24% പീനൽ ഇൻറെസ്റ്റ് വേണമെന്നുള്ളതാണ് എന്റെ അടുത്ത ഭേദഗതി.

അതുപോലെ അടുത്ത ഭേദഗതി, "Provided that the Government may subject to such conditions as may be prescribed remit the whole or any part of the penalty in respect of the period". ഇവിടെ റമിറ്റ് എന്ന് പറയുന്നത് അടയ്ക്കുകയെന്നുള്ള അർത്ഥത്തിലല്ല; റമിഷന്റെ റമിറ്റ് എന്നാണ് എനിക്ക് തോന്നുന്നത്. റമിഷന്റെ റമിറ്റാണെങ്കിൽ, ഈ പറയുന്നത് ഗവൺമെന്റ് ഏതു സമയത്ത് വേണമെങ്കിലും ഇങ്ങനെ വരുന്ന പെനാൽട്ടി, അത് ഭാഗികമായോ, പൂർണ്ണമായോ ഒഴിവാക്കാനുള്ള അനുമതി ഗവൺമെന്റ് കൊടുക്കുന്നതാണ്. അത് ശരിയല്ല, പലതരത്തിലുള്ള കുഴപ്പങ്ങൾക്കും ഇടയാക്കും, അതുകൊണ്ട് ആ പ്രൊവിസോ എടുത്തുകളയണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri. E. T. Mohammed Basheer: Sir, I move the following amendment:

In section 14 of the Principal Act proposed to be substituted by Clause 4 in sub-section (2) for the words "nine per cent" substitute the words "sixteen per cent".

തൊഴിലുടമ ഈ ഫണ്ടിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥമായ സംഖ്യ അടയ്ക്കുന്നില്ലെങ്കിൽ അതിനെ സംബന്ധിച്ചിടത്തോളം പറയുന്ന ഫയൽസിന്റെയും മറ്റും ക്ലാസ് ആണ് അതിലെനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. Without reasonable cause— വളരെയധികം വ്യാഖ്യാനിക്കാനിടയുണ്ട്. അത് തൊഴിലുടമ അടയ്ക്കാൻ ബാദ്ധ്യസ്ഥമാണ്. അവർക്ക് അങ്ങനെയൊരു കൺസിഷൻ കൊടുക്കേണ്ട ആവശ്യമില്ല. അതിൽ ഈ "റീസണബിൾ കാസ്"ന്റെ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് Without reasonable cause എന്ന ഭാഗം എടുത്തുകളയണം എന്നതാണ് എന്റെ അഭിപ്രായം. ഇങ്ങനെ അനുവദിക്കുന്നില്ലായെങ്കിൽ 9% പലിശ അടക്കം വസൂലാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്; അങ്ങനെ ഫണ്ടിന്റെ പൈസ കൈവശം വച്ച്, അതിൽ 9% മാത്രം പലിശകൊടുക്കേണ്ടിവരികയെന്ന അവസ്ഥ വരികയാണെങ്കിൽ അത് നീട്ടിക്കൊണ്ടു പോകാൻ തൊഴിലുടമയ്ക്ക് പ്രേരണ നൽകും. കാരണം ബാങ്ക് ഇൻറസ്റ്റിനേക്കാൾ കുറവായിട്ടുള്ള ഒരു പലിശ അവർ കൊടുത്താൽ മതി എന്നുള്ള അവസ്ഥ വരികയാണെങ്കിൽ അതു ദുരുപയോഗം ചെയ്യാൻ ഇടയാകുമെന്നുള്ളതുകൊണ്ട് ആ പലിശയുടെ നിരക്ക് 16% ആക്കി വർദ്ധിപ്പിക്കണമെന്നുള്ളതാണ് മറ്റൊരു ഭേദഗതി.

ശ്രീ. വി ജെ. തങ്കപ്പൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

In section 14 of the principal Act proposed to be substituted by Clause 4 in sub-section 2 for the words "nine per cent" substitute the words "twelve per cent".

ശ്രീ. എ. കെ. പത്മനാഭൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുകയാണ്.

In sub-section (2) of section 14 of the principal Act proposed to be substituted by Clause 4 for the words "simple interest at the rate of nine per cent per annum" substitute the words "simple interest at the rate of eleven per cent per annum".

ശതമാനം വർദ്ധിപ്പിക്കണമെന്ന് രണ്ടു പക്ഷത്തും പ്രതിപക്ഷത്തും ഉള്ള ആളുകൾ പറഞ്ഞു. അത് പതിനൊന്നോ, പതിനാറോ, ഇരുപത്തിനാലോ എന്ന കാര്യത്തിലേ ഇവിടെ തർക്കമുള്ളു. അത് 11 ശതമാനമായിട്ട് വർദ്ധിപ്പിക്കണമെന്നാണ് എന്റെ ഭേദഗതി.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ഇപ്പോൾ നിലവിലിരിക്കുന്ന രീതിയിൽ കൊടുക്കാനുള്ള പണത്തിന് പോലും പലിശ ഈടാക്കാൻ നിവൃത്തിയില്ലായിരുന്നു. ഭാക്യൂമുലേറ്റഡായിട്ട് അൺക്ലെയിംഡായിട്ടുള്ള പണം കിടന്നാൽ അത് കൊടുക്കാതിരുന്നാൽ അതിന് 2 ശതമാനം എന്ന വ്യവസ്ഥയായിരുന്നു. ഏത് പണം ആയാലും 9 ശതമാനം പലിശയായി കൊടുക്കണമെന്നുള്ള വലിയ ഒരു ഭേദഗതിയാണ്. ഇത് റീസണബളായിട്ടുള്ളതാണ്. ആ നിലയിൽ ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എ. കെ. പത്മനാഭൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

5-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

In section 15 of the principal Act proposed to be amended by Clause 5, for the words "and two rupees" substitute the following namely:—

"and for rupees or such higher rate as may be specified by Government by notification from time to time. ഇത് അങ്ങു കൂടി ശ്രദ്ധിക്കേണ്ടതാണ്. നിയമസഭയുടെ സമയം ലാഭിക്കാൻ വേണ്ടി ഒരു ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. സാധാരണ അൻപതു പൈസ ഒരു രൂപയാക്കാനും ഒരു രൂപ ഒന്നര രൂപയാക്കാനും ഒന്നര രൂപ രണ്ടു രൂപയാക്കാനും ഭേദഗതിയുമായി ഈ നിയമസഭയിൽ വരേണ്ട സ്ഥിതി ഇവിടെയുണ്ട്; ഇതുപോലുള്ള ചെറിയ കാര്യങ്ങൾക്ക് വീണ്ടും ഭേദഗതി കൊണ്ടുവരുന്നതിനു പകരം "and for rupees or such higher rate as may be specified by Government by notification from time to time". ഇതു സ്വീകരിക്കണം. ഇത് നിസ്സാരമായ കാര്യമാണ്. ഇതിനും ചെറിയ ഭേദഗതിക്ക് വേണ്ടി കൊണ്ടുവരണം എന്നതിനു പകരം തുക എത്രയായാലും അത് നിശ്ചയിക്കാനുള്ള അധികാരം ഗവൺമെന്റിന് കൊടുക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ജോസ് കുറിയാനി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

To sub-section (1) of section 15 of the principal Act proposed to be amended by Clause 5, add the following proviso, namely:—

"Provided that the contribution in respect of the employees and the employers shall be paid by the Government where the persons coming under the provisions of this Act are those notified by the Government under Section 2 (c) (ii) of the Act". ഈ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ വിപുലമായ അധികാരം ഗവൺമെന്റിനുണ്ട് എന്നുള്ളതുകൊണ്ട് ഒരു തൊഴിലാളിവരെ പണിയെടുക്കുന്ന ഏതു വ്യവസായ സ്ഥാപനത്തേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുകയാണ്. സമീപ കാലത്ത്, സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി ആരംഭിച്ചിട്ടുള്ള പല വ്യവസായ സ്ഥാപനത്തിലും പണിയെടുക്കുന്ന, ഉദാഹരണത്തിന്, വർക്ക് ഷോപ്പ്, കുത്തായച്ചൂള, ഇഷ്ടികച്ചൂള മുതലായ ചൂളകളിൽ പണിയെടുക്കുന്ന നാലും അഞ്ചും തൊഴിലാളികളുണ്ട്. 35,000 രൂപ മുതൽമുടക്കി ആരംഭിച്ചിട്ടുള്ള സ്ഥാപനമെന്ന നിലയിൽ അവിടെ പണിയെടുക്കുന്ന തൊഴിലാളികളും ഉടമസ്ഥൻമാരും സർക്കാരിലേക്ക് ഈ പറഞ്ഞ ഇന

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ അടയ്ക്കേണ്ട കോൺട്രിബ്യൂഷൻ അടയ്ക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി എടുത്തിട്ടുള്ള വായ്പ ഉപയോഗിച്ച് നടത്തുന്ന സ്ഥാപനങ്ങളിലെ മാനേജർമാരേയും തൊഴിലാളികളേയും പ്രതിനിധീകരിക്കുന്ന വിഹിതം ഗവൺമെൻറ് അടയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് എന്റെ ഭേദഗതി.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): ശ്രീ. കാനം രാജേന്ദ്രന്റെ ഭേദഗതി അംഗീകരിക്കാൻ വിഷമമില്ല. അങ്ങനെ ഗവൺമെൻറിന് ആർബിട്രറി പവർ കൊടുക്കുന്നത് കോൺസ്റ്റിറ്റ്യൂഷനലാകുമോയെന്നുള്ള സംശയം ഉള്ളതുകൊണ്ട് ഇപ്പോഴ ഇങ്ങനെ പാസ്സാകട്ടെ, പിന്നീട് വേണ്ടത് ചെയ്യാം.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

മി. സ്പീക്കർ: ശ്രീ. ജോസ് കുറിയാനി അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ.

ശ്രീ. ജോസ് കുറിയാനി: ഞാൻ പറഞ്ഞതിന് മന്ത്രി മറുപടി പറഞ്ഞില്ല.

ശ്രീ. കെ. ശിവദാസൻ: തൊഴിലാളിയെ സംബന്ധിച്ചിടത്തോളം ഈ നിയമം അമെൻഡ്ചെയ്ത ഷോപ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. ഇപ്പോഴ പാസ്സാക്കിയ അമൻഡ്മെൻറിന്റെ അർത്ഥം ഒരു തൊഴിലാളിയെങ്കിലും ഉള്ള സ്ഥലത്ത് ഇത് വരുമെന്നാണ്.

ശ്രീ. ജോസ് കുറിയാനി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു. അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

6-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്. In section 28 A proposed to be inserted in the principal Act by clause 6, for the words "which may extend to six months" substitute the words "which shall not be less than six months but which may extend to one year" ഇവിടെ ശിക്ഷയെക്കുറിച്ചാണ് പറയുന്നത്. which may extend to six months എന്നാണ് പറയുന്നത്. എന്റെ ഭേദഗതി "which shall not less than six months but which may extend to one year" എന്നാണ്. കടുത്ത ശിക്ഷ ആയിക്കൊള്ളട്ടെ എന്നുള്ള വിചാരത്തിൽ അവതരിപ്പിച്ചുവെന്നേയുള്ളൂ.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി മൂവ് ചെയ്യുകയാണ്.

In section 28 A proposed to be inserted in the principal Act by Clause 6 in sub-section (1) for the words "five hundred" substitute the words "one thousand". എന്റെ ഭേദഗതി ശിക്ഷയെക്കുറിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, ശിക്ഷ എപ്പോഴും ആനുപാതികമായിരിക്കണം എന്നുള്ളതുകൊണ്ട് ഇപ്പോഴത്തെ ശിക്ഷകൊണ്ട് തൃപ്തിപ്പെടണം എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

7-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

In sub-section (1) of section 29 of the principal Act proposed to be amended by Clause 7, for the words "except on a complaint made by an Inspector with the previous sanction in writing of the Commissioner" substitute the words "except on a complaint made by an Inspector" ഒരു ചെറിയ കേസ് ഉണ്ടായാലും കമ്മീഷണറുടെ അനുവാദം വേണമെന്നുള്ളത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് എന്റെ ഭേദഗതി. Substitute the words "except on a complaint made by an Inspector" എന്നു മാത്രം മതി. ജോലിഭാരം കുറയ്ക്കാൻ കൂടുതൽ എഫെക്ടീവായിരിക്കും.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, മുമ്പ് കമ്മീഷണർക്ക് മാത്രമേ ഇത് കൊടുക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഇൻസ്പെക്ടർക്ക് കൂടി അവകാശം കൊടുത്തിരിക്കുകയാണ്. പ്രോസിക്യൂഷൻ എന്ന സ്റ്റെപ്പ് വരുമ്പോൾ സ്ക്രീനിംഗ് വേണമെന്നുള്ളതുകൊണ്ടാണ് ഈ വകുപ്പ് വച്ചിരിക്കുന്നത്. അതുകൊണ്ട് ഇങ്ങനെ പാസ്സാക്കിത്തരണം.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

8-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

In the proviso to section 31 of the principal Act proposed to be substituted by Clause 8 (b) for the words "expiry of three years" substitute the words "expiry of ten years".

മൂന്നു വർഷം കഴിഞ്ഞാൽ പിന്നെ അതിൻമേൽ നടപടി സ്വീകരിക്കരുത് എന്നാണ് പറയുന്നത്. കേസ് കണ്ടുപിടിച്ച് അന്വേഷണം നടത്തി ഇന്നത്തെ നിലയിൽ കോടതിയിൽ എത്തുമ്പോഴേക്കും മൂന്നു നാല് വർഷം കഴിയും. അതുകൊണ്ട് മൂന്നു വർഷം കഴിഞ്ഞാൽ രക്ഷപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻവേണ്ടി പത്തു വർഷം ആക്കി മാറ്റണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

The proviso proposed to be inserted to section 31 of the principal Act by Clause 8 (b) shall be omitted.

ക്ലാസ് 8 (ബി) ക്ക് ശേഷമുള്ള പ്രൊവൈസോ എടുത്തു കളയണമെന്നാണ് എന്റെ ഭേദഗതി. മൂന്നു വർഷം കഴിഞ്ഞശേഷമാണ് ഇത് കണ്ടുപിടിക്കുന്നതെങ്കിൽ അതിനു ശേഷമുള്ള കാര്യങ്ങൾക്ക് നടപടി എടുക്കാൻ സാധിക്കാത്ത അവസ്ഥ വരും. ഏതു സമയത്തു കണ്ടുപിടിച്ചാലും നടപടിയെടുക്കണം. അതുകൊണ്ട് ആ പ്രൊവൈസോ എടുത്തു കളയണം.

തൊഴിൽവകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസൻ: സർ, നോട്ടത്തെറ്റുണ്ടായിരുന്നത് The date on which offences alleged to have been committed എന്നാണ്. അങ്ങനെയായിരുന്നുവെങ്കിൽ മെമ്പർമാർ പറഞ്ഞത് ശരിയാണ്. പക്ഷേ "The date on which offences came to the notice of the Inspector" അങ്ങനെയായാൽ മൂന്നുകൊല്ലത്തിനകം ഇൻസ്പെക്ടർ കേസ് കൊടുക്കണം. അങ്ങനെ സിറിസൻസിനെ പെർപ്പെക്ചലായിട്ട് ഒരു പ്രോസിക്യൂഷന്റെ യേത്തിൽ വയ്ക്കുന്നത് ശരിയല്ല. അതുകൊണ്ട് ഈ പ്രൊവൈസോ ആവശ്യമാണ്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ്

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസൻ: സർ, 1936-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനംവകുപ്പുമന്ത്രി ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, പൊതുവെ പറയുകയാണെങ്കിൽ നമ്മുടെ രാജ്യത്ത് തൊഴിൽ നിയമങ്ങൾക്ക് വേണ്ടത്ര പ്രാധാന്യമോ ബഹുമാനമോ കൊടുക്കുന്നില്ല. വികസനപരമായി വളരെ പിന്നോക്കം നിൽക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽപോലും തൊഴിൽ നിയമങ്ങൾക്ക് ബഹുമാനം നൽകുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിൽ ഏറ്റവും വലിയ ഉദ്യോഗസ്ഥൻമാർ തൊഴിൽവകുപ്പുദ്യോഗസ്ഥൻമാരും ഇമിഗ്രേഷൻ ഉദ്യോഗസ്ഥൻമാരുമാണ്. നമ്മുടെ രാജ്യത്ത് തൊഴിൽ വകുപ്പിന് ഇനിയും വേണ്ടത്ര പ്രാധാന്യം കിട്ടിയിട്ടില്ലെന്നുള്ളതാണ് വളരെ ഖേദകരമായ ഒരു വസ്തുതയാണ്. കേരളത്തിലെ ലേബർ വെൽഫെയർ ആക്ടിന്റെ അഡ്മിനിസ്ട്രേഷൻ എടുക്കുകയാണെങ്കിൽ ഈ ആക്ടിന്റെ നടത്തിപ്പുകൊണ്ട് വളരെ ചെറിയ ഒരു വിഭാഗമായ സംഘടിതതൊഴിലാളിവിഭാഗത്തിന് കിട്ടിയിട്ടുള്ള ആനുകൂല്യങ്ങളും തമ്മിലും വലിയ അന്തരമുണ്ട്. വേണ്ടത്ര പ്രയോജനം ഈ നിയമത്തിലെ വകുപ്പുകൾകൊണ്ട് എല്ലാ വിഭാഗം തൊഴിലാളികൾക്കും കിട്ടുന്നില്ലെന്ന് മാത്രമല്ല, ഈ നിയമത്തിലെ ഓരോ പഴുതുകളും വച്ചുകൊണ്ട് ഈ നിയമത്തിൽ നിന്നും പിൻമാറുവാൻ മാനേജുമെന്റുകൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇത് പരിശോധിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറയുകയാണ്. ഈ നിയമത്തിന്റെ പിന്നിൽ പ്രൊവിഷൻസിന്റെ അടിസ്ഥാനത്തിൽ എത്ര കാംക്ഷിറുകൾ സമർപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്? എത്ര പിഴ ഈടാക്കുവാൻ സാധിച്ചിട്ടുണ്ട്? വളരെ തുച്ഛമായിരിക്കുമെന്നു ഞാൻ കരുതുകയാണ്. എന്റെ കയ്യിൽ അതിന്റെ കണക്കുകളില്ല. കണക്കുകളുള്ള പുസ്തകങ്ങൾ കിട്ടിയിട്ടില്ല. തൊഴിൽ വകുപ്പിന്റെ ഒരു റിപ്പോർട്ട് കിട്ടുമ്പോൾ ഇതൊന്നും കാര്യമായി പരിഗണിച്ചു കാണുന്നില്ല. ഇന്ന് ഈ ലേബർ വെൽഫെയർ ഫണ്ട് കൂടുതൽ സമാഹരിക്കുവാനും ഈ നിയമം അനുസരിക്കാത്തവരെ ശിക്ഷിക്കുവാനുമുള്ള നിയമം നമ്മൾ പാസാക്കുന്നെങ്കിൽ കൂടി അതിന്റെ പ്രയോജനം വേണ്ടത്രയുണ്ടാകണമെങ്കിൽ കൂടുതൽ നിഷ്കർഷയാടുകൂടി ഈ നിയമം നടപ്പിലാക്കുവാൻ ഗവൺമെന്റ് പരിശ്രമിക്കണം. ഞാൻ മറ്റൊരു സംഗതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംഘടിത തൊഴിൽ വിഭാഗത്തിനുള്ള ആനുകൂല്യങ്ങളെല്ലാംതന്നെ അസംഘടിത തൊഴിൽ വിഭാഗത്തിനും കിട്ടേണ്ടതുണ്ട്. ഇപ്പോൾ ദിവസവും വെകുന്നേരം റേഡിയോ അല്ലെങ്കിൽ ടി.വി. വയ്ക്കുമ്പോൾ ഒരു കോൺവർസേഷനെന്ന നിലയിൽ പ്രക്ഷേപണം കേൾക്കും. ആരെങ്കിലും എവിടെയെങ്കിലും മരിച്ചിട്ടുണ്ടെങ്കിൽ ഇന്ന ബാങ്ക് 5,000 രൂപ കൊടുക്കും എന്ന്. പണമൊന്നും അടയ്ക്കേണ്ടതില്ല. ഇത്ര വരുമാനത്തിന് താഴെ ഉണ്ടായാൽ മതി. അതു നല്ലകാര്യമാണ്. ദേശസാൽക്കൃത ബാങ്കുകൾ ചെയ്യുന്നത് വളരെ സ്വാഗതാർഹമാണ്. വേണ്ടത്ര പ്രചരണം അതിനു ഉണ്ടായെന്ന് എനിക്കറിയില്ല. പക്ഷെ ഇത്തരത്തിലുള്ള ആനുകൂല്യങ്ങളെല്ലാം കൂടുതൽ അർഹിക്കുന്നത് അസംഘടിത വിഭാഗം തൊഴിലാളികളാണ്. ആ അസംഘടിത വിഭാഗം തൊഴിലാളികളെക്കൂടി കണക്കിലെടുത്തുകൊണ്ട് ഇത്തരത്തിലുള്ള നിയമമുണ്ടാക്കുവാൻ ഗവൺമെൻറിന്റെ തൊഴിൽ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. എ. സി. ജോസ്: സർ, ഇതു വളരെ സ്വാഗതാർഹമായ ഒരു ഭേദഗതിയും ബില്ലുമാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ അസംഘടിത വിഭാഗങ്ങളുടേയും സാമൂഹ്യരക്ഷയ്ക്കു വേണ്ടിയുള്ള ക്ഷേമനിധികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്നലെത്തന്നെ ഇത് ഞാൻ ഇവിടെ സൂചിപ്പിച്ചു. ബസ് തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, കയർ വ്യവസായത്തിലും കൈത്തറിവ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തുടങ്ങിയവർക്കെല്ലാം ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞ ഒരു കാര്യം ഞാൻ ഗവൺമെൻറിനേയും വകുപ്പുമന്ത്രിയേയും ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. തൊഴിൽവകുപ്പുദ്യോഗസ്ഥൻമാർ ഈ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ എന്നും അലംഭാവം കാണിക്കുകയാണ്. അതുകൊണ്ടാണ് ഈ നിയമങ്ങൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നത്. ആ അലംഭാവം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ ഈ നിയമത്തിന്റെ പരിധിയിൽനിന്ന് വിട്ടുപോയിട്ടുള്ള പല വിഭാഗങ്ങളുണ്ട്. എനിക്ക് ഒരു ഭേദഗതി അവതരിപ്പിക്കുന്നതിന്, സമയം ഇല്ലാത്തതുകൊണ്ടാണ് അത് വേണ്ടെന്ന് വച്ചത്. ഈ നിയമത്തിൽ ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ അവതരിപ്പിച്ചതുപോലെയുള്ള ഒരു ക്ലാസ് ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ വിവിധതരത്തിലുള്ള കാറ്റഗറിയിൽപ്പെട്ട തൊഴിലാളികളെ ഗവൺമെൻറിന് തോന്നുമ്പോൾ നോട്ടിഫിക്കേഷൻ വഴി ഉൾപ്പെടുത്താൻ കഴിയുമായിരുന്നു. അതു ചെയ്തില്ലെങ്കിൽത്തന്നെയും എനിക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത് മറ്റുവിഭാഗത്തിൽപ്പെട്ട അസംഘടിതരായ തൊഴിലാളികൾക്ക് കൂടി ഈ ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമുള്ള നടപടികളുണ്ടാക്കണമെന്നാണ്. പ്രത്യേകിച്ച് ഞാൻ ഇവിടെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുള്ളത് കെട്ടിടനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചാണ്. അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന്, പലതരത്തിലുള്ള നിയമതടസ്സങ്ങളാണ് പറയുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രി പറയുന്ന മുഴുവൻ നിയമ തടസ്സങ്ങളും അംഗീകരിക്കാം തയ്യാറായിക്കൊണ്ട് പറയുകയാണ്, ഈ നിയമ തടസ്സങ്ങളുടെ മുഴുവൻ സങ്കീർണ്ണതകളും അഴിച്ചുമാറ്റിക്കൊണ്ട് കേരളത്തിലുള്ള അസംഘടിതരായ മുഴുവൻ ഗ്രാമീണ തൊഴിലാളികൾക്കും ക്ഷേമനിധിയും മറ്റു സംരക്ഷണ നടപടികളും ഏർപ്പെടുത്തുന്നതിനുള്ള നിയമ നിർമ്മാണങ്ങൾ കൂടി, കൊണ്ടുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനെക്കുറിച്ച് ആലോചിക്കണം. അതിനുവേണ്ടി ഓർഡിനൻസുകൾ കൊണ്ടുവന്നാൽപ്പോലും പ്രതിപക്ഷമായുള്ളവർ എതിർക്കുകയില്ല. അത്തരത്തിലുള്ള നടപടികളിലേക്ക് നീങ്ങണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, ഈ പദ്ധതി നല്ലതാണ്. പക്ഷെ ഇതു നടപ്പിൽ വരുത്തുമ്പോൾ പല നിയമങ്ങളും നടപ്പിൽ വരുത്തിയതുപോലെ അസംഘടിത തൊഴിലാളികൾക്കും പാരമ്പരാഗത തൊഴിലാളികൾക്കും എത്രകണ്ട് പ്രയോജനപ്പെടുമെന്നുള്ളത് സംശയാസ്പദമാണ്. കാരണം മിനിമം വേജസ് 13 വർഷം മുമ്പ് കശുവണ്ടിത്തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ട് അതു ലഭിക്കാൻ 3 മാസം സമരം നടത്തേണ്ടി വന്നു. അത് മന്ത്രി ന്യായീകരിച്ചത് മുതലാളിമാർ കൊടുക്കാൻ തയ്യാറാണ്, പക്ഷെ തൊഴിലാളികൾ വാങ്ങാത്തതുകൊണ്ടാണെന്നാണ്. 50,000 തൊഴിലാളികൾ 3 മാസം സമരം നടത്തേണ്ടിവന്നു. എന്നിട്ടുതന്നെ പൂർത്തിയായില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട മാണി ധനകാര്യമന്ത്രിയായിരുന്നപ്പോൾ കൈത്തറി, കശുവണ്ടി, കയർ മേഖലയിലെ തൊഴിലാളികൾക്ക് മൂന്നു കോടിയോളം രൂപ ക്ഷേമനിധി കൊടുക്കാമെന്നു പറഞ്ഞു. പണം കൊടുത്തിട്ടില്ല. ധനകാര്യമന്ത്രി മാണി ബഡ്ജറ്റിൽ പ്രൊവിഷൻസ് ചെയ്തതാണ്. അത് കൊടുക്കാതെ തട്ടിപ്പ് നടത്തുകയാണ്. അല്ലെങ്കിൽ കൈമാറാം ചെയ്തു. തൊഴിൽവകുപ്പുമന്ത്രിക്കെതിരായി സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയിൽ ആരോപണം കൊണ്ടുവന്നു. ക്ഷേമപദ്ധതിയിൽ ആളുകളെ നിശ്ചയിക്കുന്നത് സംബന്ധിച്ചാണ് ആരോപണം. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മുമ്പാകെ സ്പീക്കർക്കുതന്നെ ആരോപണം കൊണ്ടുവരേണ്ടി വന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നല്ല ഒരു നിയമം എത്രകണ്ടു നടപ്പാക്കും എന്നുള്ളത്.....

മി. സ്പീക്കർ: ഓർഡർ....ഓർഡർ. സ്പീക്കർ ആരോപണം കൊണ്ടുവന്നിട്ടില്ല.

ശ്രീ ഇ. കെ. നായനാർ: നല്ല. ആരോപണം വന്നു എന്നേ പറഞ്ഞുള്ളൂ. അതുപോലെത്തന്നെയാണ് കർഷകത്തൊഴിലാളികൾക്ക് ക്ഷേമപദ്ധതി കൊണ്ടുവന്നത്. കർഷകത്തൊഴിലാളി പെൻഷൻ 33 ലക്ഷം ഉറുപ്പിക പാലക്കാട് കൊടുക്കാൻ ബാക്കിയാണ്. കണ്ണൂർ ജില്ലയിൽ 64 ലക്ഷം ഉറുപ്പിക കൊടുക്കാൻ ബാക്കിയാണ്. എന്നിട്ടാണ് ഈ ക്ഷേമ പദ്ധതി ഇപ്പോൾ നടപ്പിലാക്കാൻ പോകുന്നത്. കർഷകത്തൊഴിലാളികൾക്ക് കൊടുക്കുവാനുള്ള പെൻഷൻ പോലും, അടിയന്തിരമായി കൊടുക്കാൻ ശ്രമിക്കുന്നില്ല. തൊഴിൽ വകുപ്പിനെ സംബന്ധിച്ചുതന്നെ ഗൗരവമേറിയ ആരോപണം ഇവിടെ ഉയർന്നുവന്ന പല അവസരവും ഉണ്ടായിട്ടുണ്ട്. ശ്രീ. ജോസ് പറഞ്ഞതുപോലെ പല കാറ്റഗറിയിലുമുള്ള തൊഴിലാളികളേയും ഇതിൽ ഉൾപ്പെടുത്താമായിരുന്നു. പല വകുപ്പിലുള്ള അസംഘടിത തൊഴിലാളികളേയും ഉൾപ്പെടുത്താമായിരുന്നു. അത്തരത്തിൽ തൊഴിൽ വകുപ്പ് നല്ലതുപോലെ പ്രവർത്തിച്ചിട്ടില്ലാത്തതുകൊണ്ട് നമ്മുടെ രാജ്യത്തെ സംഘടിത, അസംഘടിത, പാരമ്പരാഗത വ്യവസായത്തൊഴിലാളികൾക്ക് അവഗണപ്പെട്ടത് പോലും ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് ഈ ബില്ലിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പഴുതുകൾ എടുത്തു കളഞ്ഞ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താനുള്ള വകുപ്പുകൂടി ചേർത്താൽ തീർച്ചയായിട്ടും സഹായകരമായിത്തീരും. അത്തരം പോരായ്മകൾ ഇല്ലാതാക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ഈ ബിൽ ഈ വിഭാഗത്തിൽപ്പെടുന്ന കുറെ ബില്ലുകളുടെ ഒരു തുടർച്ചയാണ്. ക്ഷേമ പദ്ധതികളൊക്കെ ആവശ്യമാണ്; നല്ലതാണ്. ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഗവൺമെന്റ് ഒരു നോൺപ്രാനിങ്ങ് ഫൈനാൻസ് കമ്പനിയാണ് എന്നുള്ള മനോഭാവത്തിൽ ഇത് നടപ്പാക്കാൻ പോകരുത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. കാര്യം മനസ്സിലായോ എന്ന് തീർച്ചയില്ല. ഗവൺമെന്റ് ഒരു നോൺപ്രാനിങ്ങ് ഫൈനാൻസ് കമ്പനിയാണ് എന്നമട്ടിലുള്ള ഒരു സമീപനം ഇതിൽ പാടില്ല. ഈ പറഞ്ഞ പലതിനേയും പേരിൽ ഗവൺമെന്റിലേക്ക് കുറെ ഫണ്ട്സ് അക്യുമുലേറ്റ് ചെയ്യും. അങ്ങനെ അക്യുമുലേറ്റ് ചെയ്യുന്ന ഫണ്ട്സ് മുഴുവനും തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി കിട്ടണം. കൊടുക്കുന്ന കാര്യത്തിൽ വളരെയധികം striugent ആകുകയും strict ആകുകയും ഈ പണം ഗവൺമെന്റിന്റെ കയ്യിലിരുന്ന് പലിശ സഹിതം കൂടിക്കൊണ്ടിരിക്കുകയും ഈ പണം മറ്റു കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുകയും അങ്ങനെ ways and means-ന് സഹായകരമായിത്തീരുകയും ചെയ്യുന്ന ഒരു purpose ഇതിനകത്ത് ഇല്ല എന്ന് ഞാൻ വിചാരിക്കുന്നില്ല. ആ purpose ആണ് ഉള്ളത് എന്നുള്ള കാര്യവും നമുക്കറിയാം. പറയാൻ കൊള്ളുകില്ല—ദിവസവും രാവിലെ പത്രമെടുത്താൽ ക്ഷേമങ്ങളുടെ ഒരു പ്രളയമാണ്; ഒരു പ്രവാഹമാണ്. എന്തെല്ലാം ക്ഷേമങ്ങളാണ്! ഇപ്പോൾ 'ക്ഷേമരാഷ്ട്രം' സിദ്ധനിൽ ഉള്ളതിനേക്കാളും വേഗത്തിൽ, നമ്മുടെ ദരിദ്രരേയ 50 ശതമാനത്തിൽ കൂടുതൽ ആളുകൾ ദാരിദ്ര്യ രേഖയ്ക്ക് കീഴെയിരിക്കുന്ന ഇൻഡ്യാ രാജ്യത്ത് ഇങ്ങനെ ക്ഷേമം കൊണ്ട് മനുഷ്യനെ മൂടുകയാണ്. വാസ്തവത്തിൽ ഈ 50 ശതമാനം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവൻ കീഴോട്ടു കീഴോട്ടു പൊയ്ക്കൊണ്ടിരിക്കുകയല്ലേ? പണം കൂടുതൽ കൂടുതൽ നിങ്ങളുടെ കയ്യിലും വരികയല്ലേ? ഇതിൽ കമ്പനികൾ വളരെ തുച്ഛമായിട്ടുള്ള തുകയായിരിക്കും കോൺട്രിബ്യൂട്ട് ചെയ്യുന്നത്. എങ്കിൽത്തന്നെയും കമ്പനികളുടെ മൊത്തം കോസ്റ്റും overheads-ഉം increase ചെയ്യുകയല്ലേ? ഇതിനൊക്കെ ഇങ്ങനെമിക്സ് നോക്കിയിട്ടുണ്ടോ? നോക്കിയിട്ടാണോ ചെയ്യുന്നത്? അങ്ങനെകിൽത്തന്നെ യഥാർത്ഥത്തിൽ ഇതിൽ പറയുന്ന രീതിയിൽ നടപ്പാക്കാൻ കഴിയുമോ? കർഷകത്തൊഴിലാളി പെൻഷനിന്റെ കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. ഇത് കർഷകത്തൊഴിലാളികളുടെ കാര്യത്തിൽ മാത്രമല്ല. എല്ലാ ക്ഷേമ പദ്ധതികളുടെ കാര്യത്തിലും ഇതുണ്ട്. ഞാൻ കഴിഞ്ഞ തവണ പറഞ്ഞതാണ്. ഫിഷർമെൻ വെൽഫെയർ ഫണ്ടിന്റെ കാര്യം തന്നെയെടുക്കാം. പൈസ വച്ച് നീട്ടിയിട്ടും വാങ്ങിക്കാൻ ആളില്ല. ഇങ്ങനെയാണ് അതിന്റെ സ്ഥിതി. ആ ഒരു സമീപനം ഇതിൽ വരുത്തിയിരിക്കണം എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ മാത്രമേ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. 1967-ൽ അന്നത്തെ മന്ത്രിസഭ ചെത്തുതൊഴിലാളി ക്ഷേമനിധിക്ക് ഒരു നിയമം ഉണ്ടാക്കിയ അവസരത്തിൽ അതിനെ

LIBRARY ARCHIVES Kerala Legislative Assembly

പ്പോൾ പല ആശങ്കകളും ഉണ്ടായിരുന്നു, ഇത് പ്രായോഗികമാകുമോ, ഫലപ്രദമാകുമോ, തൊഴിലാളിക്ക് ഇതുകൊണ്ട് പ്രയോജനമുണ്ടാകുമോ എന്നുള്ളതിനെപ്പറ്റി. ആ ആശങ്ക സഭയിൽ അന്ന് പ്രകടിപ്പിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ ഈ നിയമം വളരെ ഫലപ്രദമായി നടപ്പാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇന്നിപ്പോൾ ഈ ക്ഷേമനിധി ഒരു മുന്തിയ വ്യാപാരംപോലെ കൈകാര്യം ചെയ്യപ്പെടുന്നു എന്ന ആക്ഷേപം എനിക്കുണ്ട്. യഥാർത്ഥത്തിൽ അതിലെ ഗുണഭോക്താക്കളായിട്ടുള്ള ആളുകൾക്ക് ഗുണം കുറവും ലാഭകരമായ മാറ് പല കാര്യങ്ങൾക്കും ആ ഫണ്ട് വിനിയോഗിക്കുകയും ചെയ്യുകയാണ്. എത്രമാത്രം കൂടുതൽ ഗുണം ആ ഫണ്ടിൽനിന്നും തൊഴിലാളികൾക്ക് ഇംപോർട്ട് ചെയ്യാൻ സാധിക്കും എന്ന നിലക്ക് ഒരു ആലോചന നടത്തിയിട്ടില്ല എന്ന ഒരു ആക്ഷേപം എനിക്കുണ്ട്. പിന്നീടുവന്ന പല ഗവൺമെന്റുകളും പല ഫണ്ടുകളും ഉണ്ടാക്കിയിട്ടുണ്ട്. പല ക്ഷേമനിധികളും ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ അടുത്തകാലത്തായിട്ട് കൂടുതൽ കൂടുതൽ ക്ഷേമനിധികൾ ഉണ്ടാക്കുന്ന ഒരു പ്രവണത കാണുന്നുണ്ട്. ഞാൻ അതിനെ ആക്ഷേപിക്കുന്നില്ല. എന്നാൽ ക്ഷേമനിധി സ്വരൂപിക്കുമ്പോൾ അത് ചട്ടങ്ങൾക്ക് വിധേയമായോ എക്സിക്യൂട്ടീവ് ഓർഡർമൂലമോ മാറ് വ്യവസ്ഥകൾ അനുസരിച്ചോ ഒക്കെ ഉണ്ടാക്കുന്ന ക്ഷേമനിധികളിൽനിന്നും അതിന്റെ ഗുണഭോക്താക്കൾക്ക് എത്രമാത്രം ഗുണം ചെയ്യണം എന്നുള്ള സമീപനത്തേക്കാൾ അതിന് വേണ്ടിയുള്ള സ്ഥാപനങ്ങൾക്ക് അതിനുവേണ്ടി രൂപീകരിക്കപ്പെടുന്ന അതിന്റെ എസ്റ്റാബ്ലിഷ്മെന്റ് പോലുള്ള കാര്യങ്ങളിൽ മാത്രമാണ്, ഗവൺമെന്റിന്റെ കൂടുതൽ ശ്രദ്ധ (അതിനെപ്പറ്റിത്തന്നെ ധാരാളം ആക്ഷേപം ഉണ്ട്. ഞാൻ ആരോപണം ഉന്നയിക്കുകയല്ല) എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതു വിഭാഗത്തിനാ ക്ഷേമനിധി നമ്മൾ സ്വരൂപിക്കുന്നോ ആ വിഭാഗത്തിന് പരമാവധി പ്രയോജനം എങ്ങനെ ഉണ്ടാക്കാൻ സാധിക്കും എന്ന നിലക്ക് ചിന്തിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യണം എന്നാണ് അക്കാര്യത്തിൽ എനിക്ക് നിർദ്ദേശിക്കാനുള്ളത്.

സർ, മറ്റൊരുകാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്. സുപ്രധാനമായ ഒരു നിയമം 1977-ൽ ഇവിടെ അന്ന് അധികാരത്തിലുണ്ടായിരുന്ന ഗവൺമെന്റ് ഉണ്ടാക്കി. വളരെ പിന്നോക്കം നിൽക്കുന്ന, തരതമ്യേന വളരെ കുറച്ചു ജോലി കിട്ടുന്ന കശുവണ്ടി തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി നിയമം ഈ നിയമസഭ പാസാക്കിയതാണ്. കേന്ദ്രഗവൺമെന്റിന്റെ അനുമതി വേണം. അനുമതി കിട്ടിയില്ല. പിന്നീട് അധികാരത്തിൽ വന്ന ഗവൺമെന്റും അതിനുവേണ്ടി ശ്രമിച്ചു. കേന്ദ്രഗവൺമെന്റിന് പല സംശയങ്ങളും ഉണ്ടായിരുന്നു. ആ സംശയം ദൂരീകരിച്ചുകൊടുത്തു. എനിക്ക് ഒരു പ്രതീക്ഷയുണ്ടായിരുന്നു. ബഹുമാനപ്പെട്ട കരുണാകരൻ നയിക്കുന്ന മന്ത്രിസഭ, കോൺഗ്രസ് നയിക്കുന്ന ഒരു മുന്നണി അതിന്റെ ഭരണം നിലവിലിരിക്കുമ്പോൾ ആ നിയമത്തിന് കേന്ദ്രം അംഗീകാരം നൽകും എന്നും അത് ഈ രാജ്യത്ത് നടപ്പാകുമെന്നും ഞാൻ പ്രതീക്ഷിച്ചിരുന്നു. നിർഭാഗ്യവശാൽ അതുണ്ടായില്ല.

മറ്റൊരു വസ്തുത എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ഇന്ന് തൊഴിലാളികളുടെ കൂട്ടായ വിലപേശൽ അതിനുള്ള കഴിവ് നിലനിർത്താൻ നമുക്കു സാധിക്കുന്നുണ്ടെന്നുള്ളതിനെപ്പറ്റി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കണമെന്നാണ്. നേടിയ നേട്ടങ്ങളെ നിലനിർത്തുകയും പിന്നീട് നേട്ടങ്ങളെ ഉണ്ടാക്കുകയും ചെയ്യണമെന്നുണ്ടെങ്കിൽ തൊഴിലാളികളുടെ സംഘടിതശക്തി നിലനില്ക്കണം. കൂട്ടായ വിലപേശൽ ഉണ്ടാകണം. പണ്ഡിറ്റ് ജവഹർലാൽ നെഹ്രു പാർലമെന്റിൽ പറഞ്ഞതുപോലെ "കൂട്ടായ വിലപേശൽ അടിസ്ഥാനം നിലനിർത്തുകയെന്നുള്ളത്, ജനാധിപത്യത്തിന്റെ വിശേഷിച്ച് ആരോഗ്യപരമായ തൊഴിലാളി-മുതലാളി ബന്ധം നിലനിർത്തുന്നതിന്റെ മുൻ ഉപാധിയാണ്". ഇന്ന് എന്താണ് സ്ഥിതി? ജാതീയ സംഘടനകൾ പെരുകുന്നു. നമ്മളെല്ലാം സാമൂഹ്യ പരിവർത്തനത്തിനുവേണ്ടി ആഗ്രഹിക്കുന്നവരാണ്. അതിനുവേണ്ടി പരിശ്രമിക്കുന്നവരാണ്. അതിന്റെ സമ്പ്രദായവും രീതിയും സമീപനവും അടവും ഒക്കെ വ്യത്യസ്തമാകാം. എന്നാൽ അതിന്റെ നേതൃത്വപരമായ പങ്ക് തൊഴിലാളി വർഗ്ഗത്തിനായിരിക്കണം എന്നുള്ള കാര്യത്തിൽ സംശയമുണ്ടാകും എന്നെനിക്ക് തോന്നുന്നില്ല. ഇന്നവരുടെ സംഘടിതശക്തി ഛിന്നഭിന്നമാണ്. ജാതീയമായ പ്രവണതകളും വളർന്നുവരുന്നു. സംഘടനകളുടെ പെരുപ്പംതന്നെ നിയന്ത്രിക്കാൻ നമുക്ക് ഇന്നുവരെ സാധിച്ചിട്ടില്ല. വളരെക്കാലങ്ങളായി ശ്രമിക്കുകയാണ് ഗവൺമെന്റുകളും. ഒരു വ്യവസായത്തിൽ കഴിയുന്നതും ഒരു യൂണിയൻ എന്ന തത്വത്തെ മുൻനിർത്തി യൂണിയനുകളുടെ പെരുപ്പം കുറച്ചു തൊഴിലാളികളുടെ കൂട്ടായ വിലപേശൽ വർദ്ധിപ്പിച്ച് കൊണ്ടുവരുന്നതിനുള്ള പരിശ്രമത്തിൽ ഈ ഗവൺമെന്റിനു യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് ഖേദകരമായ ഒരു സംഗതിയാണ്. ആ വിമർശനം ഈ ഗവൺമെന്റിനെതിരായി ശക്തമായി ഞാൻ ഈ അവസരത്തിൽ ഉന്നയിക്കുന്നു. തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം വ്യാവസായിക മേഖലയിൽ കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കുറച്ചൊക്കെ ചെയ്തിട്ടുണ്ട്; ഇല്ല എന്നല്ല ഞാൻ പറയുന്നത്. എന്നാൽ അതിന്റെ ഉന്നവും വേറെയാണ്. എന്നാൽ അടിസ്ഥാനപരമായി സംഘടിത തൊഴിലാളി വർഗ്ഗത്തിനുവേണ്ടി വ്യാവസായികമേഖലയിൽ ആരോഗ്യപരമായ ഒരു ട്രേഡ് യൂണിയൻ പ്രസ്ഥാനം നമ്മുടെ രാജ്യത്ത് നിലനിർത്താൻവേണ്ടി ചിലതു ചെയ്യേണ്ടിയിരിക്കുന്നു, അത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണിത്. ഇത്തരം നിയമങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ ഇതിന്റെ ഗുണഭോക്താക്കളായ തൊഴിലാളി വർഗ്ഗത്തിന് ഗുണമുണ്ടാകുകയാണ് വേണ്ടത്. അല്ലാതെ ഒരു മുന്തിയ വ്യാപാരത്തിന്റെ മനഃശാസ്ത്രം വച്ച് പ്രവർത്തിക്കുകയല്ല വേണ്ടത്. അത് തൊഴിലാളികളുടെ ഗുണത്തിനുവേണ്ടിയാണ് എന്ന അടിസ്ഥാനത്തിൽ പ്രവർത്തിക്കണം എന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ.

തൊഴിൽ വകുപ്പ് മന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഈ ബിൽ പാസാക്കുന്നതിനും ഇതെങ്ങനെ ഇംപ്ലിമെന്റ് ചെയ്യണമെന്നതിനും പ്രതിപക്ഷത്തുള്ള എല്ലാ ബഹുമാന്യരായ മെമ്പർമാരും വച്ചു വിലപ്പെട്ട നിർദ്ദേശങ്ങളൊക്കെ വളരെ സ്വാഗതാർഹവും ഇത് ഇംപ്ലിമെന്റ് ചെയ്യുന്ന കാര്യത്തിൽ വളരെ സഹായകരവുമായിരിക്കും. തൊഴിലാളികളുടെ സംഘടിത പ്രസ്ഥാനത്തിനും അപ്പുറം അസംഘടിത മേഖലയിലുള്ള 90 ശതമാനം തൊഴിലാളികളുടെ താൽപ്പര്യം കണക്കിലെടുക്കുമെന്നുള്ള നിർദ്ദേശം, അങ്ങനെയൊരു ചിന്താഗതി ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ വളർന്നു വന്നിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതുതന്നെ അങ്ങേയറ്റം സ്വാഗതാർഹമാണ്. ഒരു കാര്യം എനിക്ക് പറയാനുള്ളത്, സ്വാതന്ത്ര്യം കിട്ടി നാൽപ്പതു വർഷത്തോളമാകുന്നു വെങ്കിലും ഈ സംസ്ഥാനത്തും ഇൻഡ്യയിലും വന്നിട്ടുള്ള ഭരണ കൂടങ്ങളിൽ അസംഘടിത തൊഴിലാളികൾക്ക് മേന്മ കൊടുക്കുന്ന തിനും അവർക്കുവേണ്ടി ലെജിസ്ലേഷനും, അങ്ങനെ ഏറ്റവും കൂടുതൽ അവർക്കുവേണ്ടി ചെയ്തിട്ടുള്ളത് ഈ ഗവൺമെൻറാണ് എന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. അതിൽ ചുമട്ടു തൊഴിലാളിയും ബസ് തൊഴിലാളിയും വരും. ഇപ്പോൾ ഉണ്ടാകുന്ന "Artisans and Skill" അതിൽ അനേകലക്ഷം വരുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും വരും. എന്നാൽ അതിൽ ചേരുന്നതിന് നമ്മളെല്ലാം അവരിൽ താൽപ്പര്യം ഉണ്ടാക്കണമെന്ന മാത്രമാണ് എനിക്കു പറയാനുള്ളത്.

സർ, ക്ഷേമനിധികളെപ്പറ്റി പറഞ്ഞപ്പോൾ ബഹുമാന്യനായ നമ്മുടെ പ്രതിപക്ഷ നേതാവ് ഇവിടത്തെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒരു പരാമർശത്തെപ്പറ്റി പരാമർശിക്കുകയുണ്ടായി. ഞാൻ അതിനെപ്പറ്റിയൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും ഒരു കാര്യം അദ്ദേഹത്തിന്റെ അറിവിലേക്കായി ഞാൻ പറയുന്നു. അന്ന് ഞാൻ പറഞ്ഞത് ഇത്രയുമാണ്: "സ്പീക്കർ ഇടപെട്ട് അതിനെപ്പറ്റി പരാമർശം ഒന്നും നടത്തിയില്ല." പ്രസ് കോൺഫറൻസ് നടത്തിയപ്പോൾ, പത്തൊൻപതും പതിനാറും വകുപ്പനുസരിച്ചാണ് നിയമനം നടത്തിയത്, നിയമവിരുദ്ധമായിട്ടാണ് നിയമനം നടത്തിയതെന്ന് കമ്മിറ്റി പറഞ്ഞത് ശരിയല്ല. ഭാഗ്യവശാൽ ഹൈക്കോടതിയിൽ ഇതിനെ സംബന്ധിച്ച് ഒരു കേസുണ്ടായി. എൻ.ജി.ഒ. യൂണിയൻ ഹൈക്കോടതിയിൽ കാം ഫോർ ചെയ്തു. അതിന്റെ പതിനാറും പത്തൊൻപതും വകുപ്പുകളനുസരിച്ച്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുതന്നെയാണ് നിയമനം നടത്തേണ്ടത്. പി. എസ്. സി. വഴി നിയമനം നടത്തുന്നത് ഗവൺമെൻറ് സ്വാഗതം ചെയ്യുന്നതോടൊപ്പംതന്നെ അതുവരെ തൽക്കാലം നിയമനം നടത്തുന്നത് ഗവൺമെൻറിന് ബുദ്ധിമുട്ടുണ്ടെന്നും പറഞ്ഞത് അത്ര കാര്യമല്ല, നിയമനം നടത്തണമെന്ന് പറയുകയും ചെയ്തു. അങ്ങനെയാണെങ്കിൽ അതിനുവേണ്ടി ഹൈക്കോടതിയിൽ നിന്ന് ഒരു പാനലിനെവച്ച് നിയമനം നടത്താൻ ഗവൺമെൻറ് നിർദ്ദേശിക്കുകയും ചെയ്തു. ഗവൺമെൻറ് നിർദ്ദേശിച്ച പാനലിനെ അവർ അംഗീകരിക്കുകയും ചെയ്തു. Government may appoint എന്നു പറഞ്ഞാൽ പബ്ലിക് സർവ്വീസ് കമ്മിഷനല്ലെന്നും, ഗവൺമെൻറ് ആണെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിത്തന്നെയാണ് നിയമനം നടത്തേണ്ടത് എന്നും ഹൈക്കോടതി അംഗീകരിച്ച് ഒരു നിയമനം നടത്തുകയും ഗവൺമെൻറ് അതനുസരിച്ച് പ്രവർത്തിക്കുന്നു എന്നുള്ളതുമായ വിവരം അങ്ങ് ഇത് പരാമർശിച്ചതുകൊണ്ട്, സന്ദർഭവശാൽ ഞാൻ പറയുകയാണ്. അതിൽ യാതൊരു കുഴപ്പവുമില്ല. ആ നിയമനങ്ങളൊക്കെ പരിശോധിച്ചു. അതിൽ കുഴപ്പമുണ്ടെന്ന് ഹൈക്കോടതി പറഞ്ഞില്ല.

അതുപോലെ കർഷകത്തൊഴിലാളി പെൻഷനെക്കുറിച്ച് ചിലത് പറഞ്ഞു. കർഷകത്തൊഴിലാളി പെൻഷനിൽ ഡ്യൂവായിട്ടൊന്നുമില്ല. മൂന്നുമാസം കൂടുമ്പോഴാണ് പെൻഷൻ കൊടുക്കുന്നത്. അതുകൊണ്ട് മൂന്ന് മാസം കഴിയുമ്പോൾ മാത്രമേ ഡ്യൂ ഉണ്ടാകുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഒരു തവണ ഡ്യൂ ആകുമ്പോഴേക്കുമെന്നെ ആറു മാസം ഡ്യൂവായിട്ട് കിടക്കുന്നതുകൊണ്ടാണ് തോന്നും. അങ്ങനെയാണ് ആക്ടിലെ പ്രൊവിഷൻ. കഴിഞ്ഞ അസംബ്ലിയിൽ ഇതിൽ ഡ്യൂസില്ല എന്ന് ഞാൻ പറഞ്ഞതാണ്. അതിനുശേഷം ഒരു തവണ ഡ്യൂ വന്നു. അടുത്ത ആറുമാസം കൊടുത്തുകൊണ്ടിരിക്കുമ്പോഴും കുറെ സ്ഥലത്ത് ഡ്യൂസ് ആയിക്കിടക്കും. പക്ഷേ ഒരു കുടിശ്ശിക മാത്രമേയുള്ളൂ.

..... (ബഹളം) .....

ഇതിന് മൊത്തം പതിനെട്ടുകോടി രൂപയാണുള്ളത്. നാലു തവണകളായിട്ടാണ് കൊടുക്കുന്നത്. ഒരു കോടി രൂപയെന്നു പായുമ്പോഴും എത്ര ലക്ഷം രൂപയാണ് ഒരു തവണയായിട്ട് വരുന്നത്? അപ്പോഴും പതിനെട്ടുകോടി രൂപയാകുമ്പോഴും നാല്, നാലര കോടി രൂപ കുടിശ്ശികയായിവരും. അപ്പോഴപ്പിന്നെ ലക്ഷത്തിന്റെ കാര്യം പറയണോ?

ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി കൂട്ടായ വിലപേശലിന്റെ ആനുകൂല്യവും അന്തരീക്ഷവുമുണ്ടാകണമെന്ന് ഇവിടെ പറഞ്ഞു. അത് വളരെ സ്വാഗതാർഹമാണ്. പക്ഷേ ഒരുകാര്യം ഞാൻ അഭിമാനപൂർവ്വം പറയുന്നു, കൂട്ടായ വിലപേശലിൽകൂടി കേരളത്തിലെ തൊഴിലാളി പ്രശ്നം തീർക്കണം; വയലൻസുകൊണ്ടല്ല തീർക്കേണ്ടത്. എല്ലാ ട്രേഡ് യൂണിയനുകളും സാർവ്വജനീനമായി അംഗീകരിച്ച കാലഘട്ടം ഉണ്ടാകില്ല. അദ്ദേഹത്തിന്റെ അഭിപ്രായക്ക് ഞാൻ പറയട്ടെ, ഏറ്റവും അവസാനമായി ഗവൺമെന്റിന്റെ മുമ്പിൽ വന്ന പ്രശ്നം മൂന്നു ലക്ഷത്തോളം വരുന്ന പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കുന്നതിനെ സംബന്ധിച്ചാണ്. ഒരു ദിവസത്തെ സമരത്തിനുവേണ്ടി ഒരു ദിവസം കൊടുക്കേണ്ട കാര്യമില്ല. ഒരു ദിവസത്തെ സൂചനാ പണിമുടക്ക് നടത്തുന്നതു കൊണ്ട് കാര്യമില്ല. നെഗോഷ്യേറ്റ് ചെയ്തത് എല്ലാ യൂണിയനുകൾക്കും സ്വീകാര്യമായ രീതിയിൽ മൂന്നു ലക്ഷത്തോളം തൊഴിലാളികളെ സംബന്ധിക്കുന്ന കാര്യമാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്.

അതിനുശേഷം ആർ. ബി. ടി. എന്നു പറയുന്ന സ്ഥാപനത്തിൽ ഒരു ഒരു വയലൻസുണ്ടായി. ഇവിടത്തെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി (എല്ലാ കക്ഷികളുടേയും ട്രേഡ് യൂണിയൻ വിംഗുകളുള്ള കമ്മിറ്റി) വയലൻസിനെ ആക്ഷേപിക്കുകയും അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. അങ്ങനെ ഇവിടത്തെ കൂട്ടായ വിലപേശലിന്റേയും സമാധാനപരമായ ട്രേഡ് യൂണിയനുകളുടേയും വികാസം ഈ ഗവൺമെന്റിന്റെ അഞ്ചുകൊല്ലത്തിനകം വളർന്ന് പടർന്ന് പന്തലിച്ച് സുരഭിലമായിരിക്കുന്നു.

ഇവിടത്തെ മേജർ പ്രോജക്ടുകൾ Cochin Pre-port Processing Zone-ഉം, ആലുവായിലെ കാപ്രോലാക്ടം പ്രോജക്ടുമാണ്. സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിന് തടസ്സമാകുന്ന തരത്തിലുള്ള തൊഴിൽത്തർക്കമുണ്ടായാൽ, പണിമുടക്കു നടത്തുകില്ലെന്നും ഒരു കമ്മിറ്റിയുടെ തീരുമാനത്തിന് വിടുന്നതാണെന്നും എല്ലാ കക്ഷികളുടേയും ട്രേഡ് യൂണിയനുകളും തീരുമാനിച്ചിരിക്കുന്നു. അത് ഗവൺമെന്റിന്റെ നിർബന്ധമൊന്നുമല്ല. ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണിയുടെ നിർദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നതോടൊപ്പം കേരള ചരിത്രത്തിലെ ഏറ്റവും നല്ല വ്യാവസായിക അന്തരീക്ഷം ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു എന്നും പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എൻഫോഴ്സ്മെൻറിനെക്കുറിച്ച് അവിടെ പറയുകയുണ്ടായി. ക്രമേണ എൻഫോഴ്സ്മെൻറ് ശക്തമാക്കണമെന്ന സുപ്രീം കോടതിയുടെ റൂളിംഗ് ഹൈക്കോടതി അംഗീകരിച്ച് കൂടുതൽ ശിക്ഷ നൽകുന്ന വളരെ സ്വാഗതാർഹമായ പ്രവണത വളർന്നു വരുന്നു. ധാരാളം കേസ്സുകളിൽ ഞങ്ങൾ എൻഫോഴ്സ് ചെയ്തിട്ടുണ്ട്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വോട്ടിനിട്ട് അംഗീകരിച്ചു.

1986-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കി.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച 1985-ലെ കേരള (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് 1985-ലെ കേരള (ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം): ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വലിയ തർക്കമൊന്നുമില്ല. പിരിഞ്ഞുപോയ എം. എൽ. എ. മാർക്ക് ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിനുള്ള ഒരു ഭേദഗതിയാണിത്. എം. എൽ. എ. മാർക്ക് ആദ്യമുണ്ടായിരുന്ന ചികിത്സാ സൗകര്യങ്ങൾ തന്നെയാണ് പിരിഞ്ഞുപോയ എം. എൽ. എ. മാർക്കും കൊടുത്തത്. പിന്നീട് മന്ത്രിമാർക്കുള്ള ആനുകൂല്യങ്ങൾ എം. എൽ. എ. മാർക്കുംകൂടി നല്കിക്കൊണ്ട് ഭേദഗതി ചെയ്തപ്പോൾ അതു ആനുകൂല്യങ്ങൾ തുടരുന്നതുകൊണ്ട് പുറത്തുപോയി ചികിത്സിക്കുവാൻ ഉൾപ്പെടെയുള്ള കോംപ്ലിക്കേഷൻ വന്നു. അതുകൊണ്ട് വ്യക്തമായി ഓഫീസേഴ്സിന്റെ സ്കെയിൽ അനുസരിച്ച് ബാക്കി നിയമങ്ങൾകൂടി പൊരുത്തപ്പെടുത്തി, അവർക്ക് വേഗത്തിൽ ചികിൽസാ സൗകര്യങ്ങൾ കിട്ടുവാനിടയാക്കും. അതുകൊണ്ടാണ് ഈ ഭേദഗതി വേണ്ടിവന്നത്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നത് സംബന്ധിച്ച് 1985-ലെ കേരള(ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനക്കെടുത്തു.

Clause 2

Chief Minister (**Shri. K. Karunakaran**): Sir, I move an oral amendment: In clause 2 for the words "as a Class-I Officer/Grade-I

LIBRARY ARCHIVES Kerala Legislative Assembly